# ഗുരുനാഥൻ

| പുസ്തകം 17 | 1113 ഇടവം | ലക്കം 10 |
|---|---|---|


## ആക്ഷേപ കാവ്യപ്രസ്ഥാനം

(എ. ബാലകൃഷ്ണപിള്ള ബി. എ. ബി. എൽ.)

തന്റെ കാലത്തിലെ ഏററവും സൂക്ഷ്മാവബോധമുള്ളവരുടെ മുന്നണിയിൽ നില്ക്കുന്നവനായിരിക്കും ഒരു കവി എന്നു് ഇന്നത്തെ ഒരു പ്രസിദ്ധ ഇംഗ്ലീഷ്നിരൂപകനായ ഡാക്ടർ റിച്ചാർഡ്സ് അഭിപ്രായപ്പെട്ടിട്ടുണ്ടു്. അതായതു്, തന്റെ സമകാലീനരുടെ ചിന്തയുടെ മുന്നണിയിൽ നില്ക്കുന്ന ഇദാനീന്തനപ്രശ്നങ്ങളെ ഒരു യഥാർത്ഥ കവിയ്ക്കു് ഒഴിഞ്ഞുകളയുവാൻ സാധിക്കുന്നതല്ലെന്നാണു് ഡാക്ടർ റിച്ചാർഡ്സ് പറയുന്നതു്. ഈ തത്വം ഭാഷാകാവ്യലോകത്തിലും കുറേയെങ്കിലും കാണാവുന്നതാണു്. അയിത്തപ്രശ്നത്തെ ആസ്പദിച്ചു് മഹാകവി കുമാരനാശാൻ ദുരവസ്ഥയും, ചണ്ഡാലഭിക്ഷുകിയും രചിക്കുകയുണ്ടായി. ലോകത്തു നാൾതോറും വർദ്ധിച്ചുവരുന്ന യുദ്ധസാമഗ്രികളുടെ നിർമ്മാണത്തെ പ്രതിഷേധിച്ചു മഹാകവി വള്ളത്തോൾ കർഷകരുടെ പാട്ടു നിർമ്മിച്ചു. കാതറൈൻ മേയോ ഭാരതീയരിൽ ചൊരിഞ്ഞ ആക്ഷേപങ്ങൾക്കുള്ള മറുപടിയാണു് മഹാകവി ഉള്ളൂരിന്റെ ചിത്രശാല. ഇന്നത്തെ യുവകവികളിൽ ചിലരുടെ കൃതികളിലും ഇദാനീന്തനപ്രശ്നങ്ങളുടെ പ്രതിപാദനം കാണാവുന്നതാണു്. ഇതു വ്യക്തമായി കാണാവുന്ന ഇന്നത്തെ യുവകവികളുടെ കൂട്ടത്തിൽ ശ്രീമാന്മാർ ബോധേശ്വരൻ, ചങ്ങമ്പുഴ കൃഷ്ണപിള്ള, ഇടപ്പള്ളി രാഘവൻപിള്ള, പന്തളം കെ. പി. രാമൻപിള്ള എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവയോഗ്യമത്രെ. പഴയ ലോകം രാഷ്ട്രീയമായും, സാമ്പത്തികമായും, സാന്മാർഗ്ഗികമായും, സാമുദായികമായും, ആദ്ധ്യാത്മികമായും ഇന്നു പരാജയപ്പെട്ടിരിക്കുന്നു എന്നുള്ള തങ്ങളുടെ സമകാലീനരിൽ ഭൂരിപക്ഷത്തിന്റേയും ബോധമാണു് ഈ യുവകവികളുടെ കൃതികളിൽ പ്രതിബിംബിച്ചുകാണുന്നതു്. അതിനാലാണു് ഇവരെ ഈ ലേഖകൻ പരാജയപ്രസ്ഥാനത്തിലെ കവികളുടെ കൂട്ടത്തിൽ മുമ്പൊരു അവസരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. (113 ക

ക്കടകം 30-ാംനു-യിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പരാജയപ്രസ്ഥാനകവികൾ എന്ന തലക്കെട്ടിൽ ഈ ലേഖകൻ എഴുതിയിരുന്ന ലേഖനം നോക്കുക.)

പ്രസ്തുത പരാജയബോധം ഈ നാലു യുവകവികളുടെ കൃതികളിലും ഒന്നുപോലെ പൊന്തിച്ചു നിൽക്കുന്നുണ്ടെങ്കിലും, ഇവർ പാടുന്ന രീതികൾക്കു തമ്മിൽ വ്യത്യാസങ്ങളുണ്ട്. ശ്രീമാന്മാർ ബോധേശ്വരനും, പന്തളം കെ. പി. രാമൻപിള്ളയും ഈ പരാജയബോധത്തിൽനിന്നു ജനിക്കുന്ന ഒരു സമരമനസ്ഥിതിയാണു് പ്രദർശിപ്പിക്കുന്നതു്. ഒരു ഉദാഹരണം ഉദ്ധരിക്കാം. വൈദികരെ ശ്രീമാൻ ബോധേശ്വരൻ ശകാരിക്കുന്നതു് നോക്കുക:—

"വൈദികവിജ്ഞാനീയ ഭണ്ഡാരപ്പൂരകളേ!
മേദിനിക്കുളവായോരാപത്തിൻനിലകളേ!
ഇരുട്ടിൽതപ്പിത്തല്ലും ഭീതരാം മനുജർ
പതിച്ചു ചാകാനുള്ളൊരന്ധമാം കൂപങ്ങളേ!
പിരിഞ്ഞുപോകിൻ നിങ്ങൾ, മറഞ്ഞുപോകിൻവേഗം
മർത്ത്യനീക്ഷമാതലം സ്വർഗ്ഗമാക്കീടുംനൂനം."

(ഹൃദയാങ്കുരം)

ശ്രീമാന്മാർ ചങ്ങമ്പുഴ കൃഷ്ണപിള്ളയും, ഇടപ്പള്ളി രാഘവൻപിള്ളയും പ്രസ്തുത പരാജയബോധത്തിൽനിന്നു ജന്യമാകുന്ന ഒരു വിലാപമനസ്ഥിതിയാണു കാണിക്കുന്നതു്. ശ്രീമാൻ ചങ്ങമ്പുഴ മരണമാകുന്ന കാമുകനെ സഹർഷം കാത്തിരിക്കുന്നതു നോക്കുക:—

"'ഓമനേ! മടിക്കേണ്ട പോരികെ'ന്നൊന്നെ സ്വയം
പ്രേമസല്ലാപത്തിനായ് ക്ഷണിക്കും മരണത്തെ
ഞാനനാദരിച്ചാലോ? പാടില്ല; വേഗംചെന്നൊൻ
പാനഭാജനം കൈയ്യിൽകൊടുപ്പതത്രേകാമ്യം.

ഞങ്ങൾതൻപരസ്പര പ്രഥമാശ്ലേഷം!—ഞാനാ
മംഗളരംഗം വെറും മടിയാൽ വൈകിച്ചല്ലോ!
സംഗീതമയം; നിത്യശാന്തിദം; ഭവദീയ-
സംഗമമുഹൂർത്തം, ഞാൻ കാത്തുകാത്തിരിക്കട്ടെ!"

(ബാഷ്പാഞ്ജലി)

പരേതനായ ഇടപ്പള്ളി രാഘവൻപിള്ള ആത്മഹത്യ ചെയ്യുന്നതിനുമുമ്പു് എഴുതിയ മണിനാദം എന്ന കാവ്യവും ഈ വിലാപമനസ്ഥിതി

യെ ഉദാഹരിക്കുന്നു. അതു തുടങ്ങുന്ന ഭാഗം നോക്കുക:—

“മണിമുഴക്കം! മരണദിനത്തിൻെറ
മണിമുഴക്കം മധുരം! വരുന്നു ഞാൻ!
അനുനയിക്കുവാനെത്തുമെൻകൂട്ടരോ-
ടരുളിടട്ടെ,യെന്നന്ത്യയാത്രാമൊഴി:-
മറവിതന്നിൽ മറഞ്ഞുമനസ്സാലെൻ
മരണഭേരിയടിക്കും സഖാക്കളേ!
സഹതപിക്കാത്ത ലോകമേ!യെന്തിലും
സഹകരിക്കുന്ന ശാരദാകാശമേ!
കവനലീലയിലെന്നററതോഴരാം
കനകതൂലികേ! കാനനപ്രാന്തമേ!
മധുരമല്ലാത്തൊരെൻ മൌനഗാനത്തിൻ
മദതരളമാം മാമരക്കൂട്ടമേ!
പിരികയാണിതാ, ഞാനൊരധഃകൃതൻ,
കരയുവാനായ് പിറന്നൊരുകാമുകൻ!
മണലടിഞ്ഞു മയങ്ങിക്കിടക്കട്ടെ
പ്രണയമററതാമീമൺപ്രദീപകം.”

പ്രസ്തുത പരാജയബോധത്തിൽനിന്നുത്ഭവിക്കുന്ന സമരമനസ്ഥിതിക്കും, വിലാപമനസ്ഥിതിക്കും പുറമേ മൂന്നാമതൊരു മനസ്ഥിതിയും അതിൽനിന്നു ജനിക്കാവുന്നതാണ്. ഇതു് ആക്ഷേപിക്കുന്ന മനസ്ഥിതിയാകുന്നു. ഈ ആക്ഷേപമനസ്ഥിതിയ്ക്കും സമരമനസ്ഥിതിയ്ക്കും തമ്മിൽ കുറെ അടുപ്പമുണ്ടെങ്കിലും, രണ്ടിനും തമ്മിൽ സാരമായ വ്യത്യാസങ്ങളും ഇല്ലാതെയില്ല. സമരമനസ്ഥിതി ജനിപ്പിക്കുന്ന ശകാരത്തേക്കാൾ ശക്തിയേറിയതും കൂടുതൽ ഫലപ്രദവുമാണ് ആക്ഷേപം. വൈദികരെ ശ്രീമാൻ ബോധേശ്വരൻ ശകാരിച്ചിരിക്കുന്ന മുകളിൽ ഉദ്ധരിച്ച ഭാഗത്തോടു് മഹാകവി കുമാരനാശാൻ അയിത്തത്തെ ആക്ഷേപിക്കുന്ന ചുവടെ ചേർക്കുന്ന ഭാഗത്തെ താരതമ്യപ്പെടുത്തിനോക്കുക:—

“പാടത്തിറങ്ങും വഴിതന്നഹോകഴൽ-
പ്പാടേററുനന്നോ തെളിഞ്ഞിട്ടില്ല;
അല്ലെങ്കിലിങ്ങീയടിമകൾ പേടിച്ചു
മെല്ലെ നടപ്പതു മണ്ണറിയാ;

എല്ലാററിലും തുച്ഛമല്ലോ ചെറുമക്കൾ
പുല്ലമവൎക്കുവഴിവഴങ്ങാ.
മററുള്ളവൎക്കായുഴാനും നടുവാനും
കററകൊയ്യാനും മെതിക്കുവാനും.
പററുമിക്കൂട്ടരിരുകാലിമാട്ടുകൾ
മററു കൃഷിപ്പണിചെയ്യുവാനും.
ഒന്നോൎത്താൽ മാട്ടുംകയൎക്കുമിതുകളോ-
ടൊന്നായവരററയെ നാംഗണിച്ചാൽ;
പാരം പവിത്രങ്ങൾ പയ്യുളിപ്പാവങ്ങൾ
ദൂരത്തുതീണ്ടുള്ള നീചരല്ലോ."

(ദുരവസ്ഥ)

കുമാരനാശാൻെറ ആക്ഷേപത്തിനു് ശ്രീബോധേശ്വരൻെറ ശകാരത്തേക്കാൾ നൂറുമടങ്ങു ശക്തിയുണ്ടെന്നുള്ളതു പ്രത്യക്ഷമാണല്ലോ. അതുപോലെ,

"യമനും വൈദ്യനും തമ്മിൽ പ്രാണവിശ്വാസമെന്നാലും
യമനെക്കൂടാതെകൊൽവാൻ വൈദ്യനേകനെളുതല്ല."

എന്നു കുഞ്ചൻനമ്പ്യാർ വൈദ്യന്മാരിൽ ചൊരിഞ്ഞ ആക്ഷേപത്തോടുകിടനിൽക്കുന്ന ഒരു ശകാരവും ഭാഷയിൽ നിൎമ്മിക്കാവുന്നതല്ല. നമ്പ്യാർ പാഞ്ചാലിമുഖേന കൌരവന്മാരുമായുള്ള സന്ധിഉദ്യമത്തെ ഭംഗിയായും ശക്തിയായും ആക്ഷേപിച്ചിരിക്കുന്നതു നോക്കുക:—

"മലകൾ കാടുകൾ തോട്ടം പുഴകളും
കലകൾ പന്നികളെന്നിവവൃന്ദവും
സുലഭമാംദിക്കിലെൻ പ്രിയന്മാൎക്കിപ്പോൾ
സുഖമെന്നായ്‌വന്നു ദേവനാരായണ.
......................................
അപരാധംപണ്ടു വൈരികൾ ചെയ്തതും
ഉപകാരമെന്നു കല്പിച്ചുകാന്തന്മാർ
അപവാദംകേട്ടാലാധിയുമില്ലല്ലോ
നൃപതിമാൎക്കിപ്പോൾ ദേവനാരായണ.
......................................
പഴുതിലെന്തിനു ഞാൻ പറഞ്ഞീടുന്നു
പഴമയുള്ളവർ നിങ്ങളെല്ലാവരും

വഴികളെല്ലാം ഗ്രഹിച്ചമഹാജനം
പഴത്തിൽ ചാട്ടമോ ദേവനാരായണ.

...................................................

കിഴിയുന്നാകിലും ശത്രുജനങ്ങൾക്കു
കിഴിയുംവണ്ണം നമസ്കരിച്ചീടിലും
പിഴകൾ ചെയ്കിലും ദുര്യോധനാദിയെ
തൊഴുതുവാഴ്കിലും ദേവനാരായണ.

യുവതിമാർക്കെന്തു ചോദ്യമെന്നിങ്ങനെ
ഭുവനവീരന്മാർ ചൊല്ലുമെൻകാന്തന്മാർ
ശിവനെന്നല്ലാതെ മിണ്ടരുതിക്കാലം
ഭുവനനായക! ദേവനാരായണ!"

(പതിനാലുവൃത്തം)

നിർഭാഗ്യവശാൽ കുഞ്ചൻനമ്പ്യാരും കുമാരനാശാനും തനി ആക്ഷേപകാവ്യങ്ങൾ രചിക്കുവാൻ തുനിഞ്ഞിരുന്നില്ല.

പരാജയബോധത്തിൽ നിന്നു ജന്യമാകുന്ന പ്രസ്തുത ആക്ഷേപമനസ്ഥിതിയെ ആസ്പദിച്ച് ഭാഷയിൽ ഇതുവരെ ഒരു ആക്ഷേപകാവ്യപ്രസ്ഥാനം തുടങ്ങിയിട്ടില്ല. ആധുനികഭാഷയിൽ ഇതിനുമുമ്പുണ്ടായിട്ടുള്ള തനി ആക്ഷേപകാവ്യങ്ങൾ എല്ലാംതന്നെ വ്യക്തിപരങ്ങളായ ആക്ഷേപങ്ങൾ അടങ്ങിയവയാണ്. ഉദാഹരണങ്ങളായി ഈ. വി.-യുടെ പോലീസ്‌രാമായണവും, വെണ്മണി മഹൻ നമ്പൂരിപ്പാട്ടിലെ കവിപുഷ്പമാലയും, ശ്രീമാൻ ബോധേശ്വരൻെറ ധനഗീതയും എടുക്കാം. ഇവയെല്ലാം വ്യക്തിപരങ്ങളായ ആക്ഷേപങ്ങൾ അടങ്ങിയവയാകുന്നു. ഈ. വി. യുടേയും വെണ്മണി നമ്പൂരിപ്പാട്ടിലേയും പ്രസ്തുത കൃതികളിൽനിന്ന്, ഓരോ ഭാഗം വീതം ചുവടെ ഉദ്ധരിക്കുന്നു.

"ശ്രീമാനാം ബിഷപ്പാഖ്യ ചേരുന്ന മഹാത്മാവേ!
സീമകൾ പിളരുന്ന കാരുണ്യജലരാശേ!
ക്ഷേമദായകാ! തവ പാദങ്ങൾ വണങ്ങുന്നേൻ
കാമാദിദോഷമെല്ലാം തീരുവാൻ ധപരേശപരാ!
ശീമയിൽ കുതിത്ത നീ മാരുതി സമമിൻഡ്യാ-
ഭൂമിയിൽ ചാടി വീണു ദുഷ്ടരെ നിഹനിപ്പാൻ
പാവനാശയാ, തവ ജീവിതകഥ ചൊല്ലും
പാവമാം കവിയുടെ ഭാവന വികസിപ്പാൻ
ആവോളം വരം നൽകി രക്ഷിക്ക തൊഴുന്നു ഞാ—

നീവിധം ലാത്തിധര! നിഷ്കള! സുശമ്പള!
തെററുകൾ കണ്ടെന്നാകിലൊട്ടുമേ കോപിക്കായ്ക
ബാററനാം ഗാണ്ഡീവത്തെ യേന്തുന്ന കുന്തീസുതാ!"

(പോലീസ് രാമായണം)

"ചൊവ്വോടിന്നൊന്നു ചൊല്ലാം പരിമളനവസാരോല്ലസൽ
ച്ചക്കമല്ല-
പ്പൂവ്വോടൊപ്പിച്ചു നാരായണനടവരനെച്ചേർത്തും
ചെച്ച്യായോ?
ഗവ്വോടൊരോന്നു ഗജ്ജിക്കരുതു കരിമുരുക്കെന്നു
ചൊല്ലും മരത്തിൻ
പൂവ്വോടൊപ്പിയ്ക്കണം സത്തവനമിതിനുമില്ലൊ
ട്ടുമേ തിട്ടമത്രേ.

ഒന്നിപ്പോളോതിടുന്നോനൊരു പരിമളമില്ലെങ്കിലും
കൊന്നാ കാന്ത്യാ
പൊന്നായ് പോരാടിടുന്നുണ്ടതു കണിയതിനും
മുഖ്യമാണായതൊന്നും
നിന്നുൾപ്പൂവേത്തിടാതീ നടുവവസുമതീ ദേവനെ
ക്കഷ്ടമെന്തീ-
ക്കൊന്നപ്പൂവാക്കുവാനിന്നവനു ഗുണമതിൽ ക്കൂട്ട
വാൻ കോഴതന്നോ?"

(കവിപുഷ്പമാല)

ഇത്തരം വ്യക്തിപരങ്ങളായ ആക്ഷേപങ്ങളല്ല, പിന്നെയോ, ഒരു പരിതസ്ഥിതിയേയൊ, ഒരു സ്ഥാപനത്തേയൊ, ഒരുക്കൂട്ടം ജനങ്ങളേയൊ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ മാത്രമാണ്, ഒരു യഥാത്ഥ ആക്ഷേപകാവ്യത്തിൽ ഉണ്ടായിരിക്കേണ്ടതു്. പ്രാചീന ലത്തീൻ സാഹിത്യത്തിൽ ജൂവനെൽ മുതലായ പ്രസിദ്ധ ആക്ഷേപകവികൾ ഉണ്ടായിരുന്നു. "യുദ്ധക്കളത്തിലെ പ്രഭാതം" എന്ന ഇന്നത്തെ യൂറോപ്പിലെ ഒരു യഥാത്ഥ ആക്ഷേപകാവ്യത്തെ ഗദ്യത്തിൽ തജ്ജിമ ചെയ്തു് ഒരു മാതൃകയ്ക്കായി ചുവടെ ചേക്കുന്നു. ഈ കാവ്യം ഐസക്ക് റോസെൻബെർഗ് എന്ന ആംഗ്ലേയകവിയുടേതാണ്. ഇദ്ദേഹം തൻെറ 27-ാമത്തെ വയസ്സിൽ ഇക്കഴിഞ്ഞ മഹായുദ്ധത്തിൽ ഫ്രാൻസിൽ വച്ചു വെടിയേററു മരിക്കുകയുണ്ടായി. യുദ്ധത്തെ ശക്തിയായി ആക്ഷേപിച്ചു് അദ്ദേഹം മരിക്കുന്നതിനു മുമ്പു രചിച്ച ഒരു ചെറുകവിതയാണിതു്:—

യുദ്ധക്കളത്തിലെ പ്രഭാതം.

"അന്ധകാരം പൊടിഞ്ഞു പൊടിഞ്ഞു പോകുന്നു. അതു പഴയ വൈദികനായക (Druid) കാലം തന്നെയാണ്. ഒരു സജീവമായ സാധനം മാത്രം എന്റെ കൈയ്യുമീതെ ചാടുന്നു. അതു വിചിത്രവികൃതരൂപിയായ ഒരു മൂഷികനാണ്. ഭൂഗർഭത്തിലുള്ള ഭടകുടിയുടെ ഭിത്തിയിൽ പടന്നിരുന്ന ഒരു പോപ്പിപുഷ്പത്തെ എന്റെ കാതിൽ വയ്ക്കുവാനായി ഞാൻ പറിച്ചപ്പോഴാണ് അതു് അങ്ങിനെ ചാടിയതു്. ഉപഹാസ്യനായ മൂഷികാ! നിന്റെ സർവ്വരാജ്യപരമായ അനുഭാവം (ദൈവത്തിനു മാത്രം അറിയാവുന്ന നിന്റെ വൈരഭാവങ്ങളും) അറിഞ്ഞാൽ അവർ നിന്നെ വെടിവച്ചു കൊല്ലും. നീ ഇപ്പോൾ ഒരു ഇംഗ്ലീഷുകാരന്റെ കരം സ്പർശിച്ചു. താമസിയാതെ, ഇതാ മുമ്പിൽ കാണുന്ന നിദ്രാലുവായ പുൽതകിടി കടക്കുമ്പോൾ നീ ഇതുപോലെ തന്നെ ഒരു ജർമ്മനോടും പെരുമാറുമല്ലോ. നീ ഇങ്ങനെ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ബോംബുകൾ കൊണ്ടു കീറിപ്പിളന്ന ഫ്രാൻസിലെ പാടങ്ങളിൽ ചത്തു മലച്ചു കിടക്കുന്ന ശക്തിയേറിയ നയനങ്ങളും മനോഹരങ്ങളായ അവയവങ്ങളുമുള്ള പ്രൗഢരായ ബലിഷ്ഠകായരെ കണ്ടു് അവർക്കു് ദുർബ്ബലനായ നിന്നെ അതിജീവിക്കുവാൻ കഴിഞ്ഞില്ലല്ലോ എന്നു ചിന്തിച്ചു നീ ചിരിച്ചു എന്നു വരാം. ചീറുന്ന ഇരിമ്പുകഷണങ്ങളും തീജ്വാലകളും ശാന്തമായ ആകാശത്തിലൂടെ പാഞ്ഞു പോകുമ്പോൾ, എന്താണു ഞങ്ങളുടെ നയനങ്ങളിൽ, എന്തു ചലനമാണ് പരിഭ്രമിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളിൽ നീ കാണുന്നതു്? നരരുടെ രക്തനാഡികളിൽ വേരിറക്കി വളൻ്നു വരുന്ന പോപ്പിച്ചെടികൾ നിലം പതിക്കുന്നു, എന്നും നിലം പതിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ, എന്റെ കണ്ണത്തിലുള്ള പോപ്പിപുഷ്പമാകട്ടെ രക്ഷപ്പെട്ടിരിക്കുന്നു. അല്പം വെള്ളപ്പൊടി മാത്രമേ അതിൽ പററിയിട്ടുള്ളു."

പരാജയകാവ്യപ്രസ്ഥാനത്തിന്റെ യുക്തിപരമായ പര്യവസാനമായി ഭാഷയിൽ ഒരു ആക്ഷേപകാവ്യപ്രസ്ഥാനം കൂടി ഉണ്ടാകേണ്ടതാണെന്നു് ഈ ലേഖകൻ വിചാരിക്കുന്നു എന്നും അവസാനമായി പറഞ്ഞുകൊള്ളട്ടെ.

# തോട്ടയ്ക്കാട്ട് ശങ്കുണ്ണിമേനവൻെറ ഡയറി

(തുടച്ച്)

(വി. കെ. രാമൻമേനോൻ ബി. ഏ., എൽ. ടി.)

18—1—'69 (7—6—'44)

പാലിയത്തു വലിയച്ചനെ കാണ്മാനായി എൻെറ സഹോദരൻ ചേന്ദമംഗലത്തേയ്ക്കു പോയി. വൈകുന്നേരം മടങ്ങിവന്നപ്പോൾ അച്ചൻ ദീനം അത്യാസന്നമാണെന്നും എന്നെ കാണാൻ അദ്ദേഹത്തിനു താല്പൎയ്യമുണ്ടെന്നും പറഞ്ഞു. മഹാരാജാവിൻെറ അനുവാദം കൂടാതെ എനിക്കു പോകാൻ നിവൃത്തിയില്ലാത്തതിൽ വ്യസനിക്കുന്നു. എളയരാജാവിൻെറ പടം എടുപ്പിക്കാനായി അദ്ദേഹം ഇന്നു തൃപ്പൂണിത്തുറയ്ക്കു പോകുന്നുണ്ട്. എന്നോടു വ്യാഴാഴ്ച വരുവാൻ മി: ടെൻസൻ ആവശ്യപ്പെട്ടിട്ടുമുണ്ട്.

19—1—'69 (8—6—'44)

കാലത്തു പതിവുപോലെ നടന്നു. എറണാകുളത്ത് ഉത്സവം ഇന്നാരംഭിക്കുന്നു. എളങ്ങല്ലൂരും കടലായിയും തമ്മിലുള്ള അപ്പീൽ അന്യായം എളങ്ങല്ലൂരിന് അനുകൂലമായി വിധിച്ചു.

20—1—'69 (9—6—'44)

എളയരാജാവിൻേറയും എൻേറയും പടങ്ങളെ സംബന്ധിച്ച് തിരുമനസ്സിലെ മറുപടി റസിഡണ്ടിന് അയച്ചു. മി: ടെൻസന് നല്ല സുഖമില്ലെന്നു കാണുന്നു. എളയരാജാവിൻെറ പടം എഴുതുവാൻ അതു നിമിത്തം തരമായില്ല. എൻെറ പടം എഴുതുവാൻ ആദ്യം ആരംഭിച്ചതിൽ തമ്പുരാൻ കോപിച്ചിരിക്കുന്നു. ഈട്ടവയ്യ പണിക്കരെ താൻ ആളെ അയച്ചു വരുത്തുകയൊ കോവിലകത്തുനിന്നു പുറത്താക്കുകയൊ ചെയ്തില്ലെന്നു എളയരാജാവു പറയുന്നു.

22—1—'69 (11—6—'44)

പാലിയം വക്കീലായ മി: ഗോപറിൻെറ സ്റ്റേററുമെൻറിൽ പറയുന്ന സംഗതികൾ അവാസ്തവങ്ങളാണെന്നും തടവുശിക്ഷയ്ക്കു വിധിച്ച പാലിയം ഉദ്യോഗസ്ഥന്മാരെ ജാമ്യത്തിൽ വിടേണ്ടുന്ന കാൎയ്യത്തെ സംബന്ധിച്ചുള്ള അപ്പീൽ കോടതികല്പനകൾ നടത്തുവാൻ രണ്ടാം ജഡ്ജിയെ കണ്ടിട്ടു വേണമെന്നുവെച്ചു താമസിക്കയാണെന്നും ജില്ലാകോടതി ഒന്നാം ജഡ്ജി റി

പ്പോർട്ട് അയച്ചിരിക്കുന്നു. അപ്പീൽ വിചാരണ ബുധനാഴ്ചയ്ക്കു വെച്ചിരിക്കുന്നു. അച്ചന്റെ ആൾക്കാർ മി: ഗോവറിനു വീണ്ടും ആളെ അയച്ചിട്ടുണ്ട്. മാധപനവമിയാകയാൽ ഇന്ന് ആപ്പീസ്സില്ല.

23—1—'69 (12—6—'44)

പതിവുപോലെ കാലത്തു നടന്നു. മി: ടെൻസനു ദീനം കലശലാണെന്നും രാത്രി ബോധക്ഷയമുണ്ടായി എന്നും ഒരു ശിപായി എന്നോടു പറഞ്ഞു: അദ്ദേഹത്തെ പോയി കാണാൻ മി: ഗന്തരോടു പറഞ്ഞു. ഉച്ച തിരിഞ്ഞ് മി: ടെൻസനെ കാണാൻ ഡാക്ടർ ഹാമിററൻ കുന്നിന്മേൽ ബങ്ക്ളാവിലേയ്ക്കു പോയി. തിരുമനസ്സിലെ കണ്ടു. കുഴൂർ കേസ്സിൽ പാലസ് എടപെടുന്നുണ്ടെന്നുള്ള വർത്തമാനം അടിസ്ഥാനരഹിതമാണെന്നു റസിഡെണ്ടിനെ അറിയിച്ചിട്ടുണ്ടെന്നു തിരുമനസ്സുണർത്തിച്ചു. ചങ്ങനാശ്ശേരിയിലെ ഒരു ധനാഢ്യനായ മാടത്താനി പപ്പുപിള്ളയെ അദ്ദേഹത്തിന്റെ ഭൃത്യൻ കുത്തിക്കൊന്നതായി ഒരു റിപ്പോർട്ടു വന്നിരിക്കുന്നു. മി: ടെൻസന് വളരെ ഭേദമുണ്ടെന്നു ഡാക്ടർ ഹമിററൻ എഴുതീട്ടുണ്ട്.

*　　*　　*　　*　　*　　*

25—1—'69 (14—6—'44)

തിരുമനസ്സിലെ കണ്ടു. പരമേശ്വരയ്യർ സർവ്വാധി തൃപ്പൂണിത്തുറയ്ക്കു മടങ്ങുമോ എന്നു ചോദിക്കുകയും തൃപ്പൂണിത്തുറ കടക്കാതിരിക്കാൻ വേണ്ട നടപടികളെല്ലാം നടത്തണമെന്നും കല്പിച്ചു. കുഴൂർ കേസ്സിൽ പാലിയത്തെ ആൾക്കാൎക്ക് കഠിനമായ ശിക്ഷ നൽകേണ്ടതാണെന്ന് അപ്പീൽ ശാസ്ത്രി ആദ്യം തിരുമനസ്സറിയിച്ചു. പിന്നീട് അദ്ദേഹത്തിന്റെ നിർവ്വ്യാജമായ അഭിപ്രായമെന്താണെന്നു ചോദിച്ചപ്പോൾ ശിക്ഷിക്കുന്നതായാൽ തന്നെ മുപ്പതോ നാല്പതോ ഉറുപ്പിക പിഴയിട്ടാൽ മതിയാവുന്നതാണെന്നും ശിക്ഷിക്കുന്നതിലേയ്ക്കു തെളിവു പോരെന്നുമാണ് പറഞ്ഞത്. പാലിയത്തുകാരുടെ ഭാഗം വാദിക്കാൻ മി. ഗോവർ എത്തീട്ടുണ്ട്.

27—1—'69 (16—6—'44)

കുഴൂർ കേസ്സിലെ അപ്പീൽ വിചാരണ ഇന്ന് ആരംഭിച്ചു. ഇന്നു വിധി പറകയുണ്ടായില്ല. ജഡ്ജിമാൎക്ക് റസിഡെണ്ടിന് ഒരു റിപ്പോർട്ട് അയയ്ക്കാനുണ്ടത്രെ. മി: ഗോവറിന് എന്നെ കാണണമെന്നു താല്പൎയ്യമുണ്ട്. വിചാരണ കഴിയുന്നതിനു മുമ്പു ഞാൻ അദ്ദേഹത്തെ കാണുന്നതു് ഉചിതമായിരിക്കയില്ലെന്ന് അറിയിച്ചു. പാലിയം കാൎയ്യസ്ഥനായ കൊച്ചുകുഞ്ഞ

മേനവനെ അന്യായമായി തടവിൽ വയ്പിച്ചതിന്ന തിരുവെങ്കടാചാരിയുടെ പേരിൽ പാലിയത്തുകാർ കേസ്സു കൊടുക്കാൻ ഭാവമുണ്ടെന്നു കേട്ടു. കൊച്ചുകൃഷ്ണമേനവൻ ഇന്നു കാലത്തു് ഇവിടെ വന്നിരുന്നു. പക്ഷെ ഇതിനെപ്പററി ഒന്നും പറഞ്ഞില്ല.

28—1—'69 (17—6—'44)

അബ്കാരി സ്പെഷ്യൽ അപ്പീൽ കേസ്സ് എനിക്കനുകൂലമായി വിധിച്ചു എന്നു് മിസ്റ്റർ നോർട്ടൻ എന്നെ അറിയിച്ചു. ആപ്പീസിൽ പോയി. അവിടെ സ്റ്റേഷനറി സാമാനങ്ങളും മററും ഇംഗ്ലണ്ടിൽ നിന്നു വന്നുകിടക്കുന്നുണ്ടു്. മി: സീഗ അവയെ ഒത്തുനോക്കി ക്രമപ്പെടുത്തി വയ്ക്കുകയാണു്. മി: ഗോവർ എന്നെ കാണാൻ വന്നു. റസിഡണ്ടിൻെറ ഗതികളെപ്പററിയും കഴൂർ കേസ്സിനെ സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ കല്പനയെക്കുറിച്ചും എന്നോടു ചോദിച്ചു. തലേദിവസത്തെ വിചാരണ ആശാസ്യമായ വിധത്തിലായിരുന്നു എന്നും പറഞ്ഞു.

30—1—'69 (19—6—'44)

കഴൂർ കേസ്സിലെ തീർപ്പു് തിങ്കളാഴ്ച പുറത്താവുമെന്നു മി: ഗന്തർ പറഞ്ഞു. പാലിയത്തച്ചൻെറ ദീനം ക്രമേണ അധികമായിട്ടാണു വരുന്നതു്. അദ്ദേഹത്തിന്നു് എന്നെ കാണാൻ താല്പര്യമുണ്ടെന്നു വീണ്ടും അറിയിച്ചിട്ടുണ്ടു്. തിരുമനസ്സിലെ സമ്മതം കൂടാതെ എനിക്കു പോകാൻ തരമില്ല. സമ്മതം തരാൻ അവിടെയ്ക്കു വൈമനസ്യമുള്ളതായും കാണുന്നു.

31—1—'69 (20—6—'44)

എൻെറ ചുമ വർദ്ധിച്ചു. അതു് രാത്രിയിലത്തെ ഉറക്കത്തിന്നു വിഘ്നം വരുത്തി. ഇന്നു നടക്കാൻ പോയില്ല. വൈദ്യമഠം ഇവിടെ വന്നു. വെങ്കപ്പമല്ലൻെറ വസ്തുവിൻെറ അധികാരാവകാശത്തെ സംബന്ധിച്ചു് ഒരു ദീർഘമായ കത്തു് തയ്യാറാക്കുകയാണു്. കഴൂർ കേസ്സിലെ അപ്പീൽതീർപ്പിനെ സംബന്ധിച്ചു ജഡ്ജിമാർ ഭിന്നാഭിപ്രായക്കാരാണെന്നു റിപ്പോർട്ടു് ചെയ്യപ്പെട്ടിരിക്കുന്നു. അവർ പ്രത്യേകം വിധി തയ്യാറാക്കുകയാകുന്നു. ഒന്നാംജഡ്ജി പ്രതികളെ വിടണമെന്നും രണ്ടാംജഡ്ജി പ്രതികളോടു നല്ല നടപ്പിന്നു ജാമ്യം വാങ്ങണമെന്നും അഭിപ്രായപ്പെട്ടതായി അറിയുന്നു. രണ്ടാം ജഡ്ജി പാലിയത്തച്ചനോടു 600 ക. കടം ചോദിച്ചതായും ഈ സന്ദർഭത്തിൽ അതു കൊടുപ്പാൻ പാലിയത്തുകാർക്കു വിസമ്മതമുള്ളതായും ഒരു ശ്രുതി പരന്നിരിക്കുന്നു.

2—2—'69 (22—6—'44)

തെക്കെ മഠത്തിൽ പോയി. അടുക്കളപ്പണി പരിശോധിച്ചു. മി: ഗന്തർ പരീക്ഷയിൽ ഉയന്ന നിലയിൽ ജയിച്ചു. ഇനി അദ്ദേഹത്തെ സ്ഥിരപ്പെടുത്തുന്ന കായ്യത്തിൽ റസിഡെണ്ടിന്നു വിരോധമൊന്നുമുണ്ടാകയില്ല. എഫ്. ഏ. പരീക്ഷയിൽ കൊച്ചുണ്ണിയും ശിവരാമപിള്ളയും ബേക്കർഫ്ന്നും തോററു. കോഴിക്കോട്ടു നിന്ന് രണ്ടുപേരെ ജയിച്ചിട്ടുള്ളൂ. പ്രസിഡൻസി കോളേജിലേയും കുംഭകോണം കോളേജിലേയും പരീക്ഷാഫലങ്ങളാണ് ഏററവും തൃപ്തികരമായിരിക്കുന്നതു്. എനിക്ക് ഇന്നും സഹിക്കവെയ്യാത്ത തലവേദനയുണ്ട്. എൻെറ ചുമയ്ക്കു ഭേദമൊന്നുമില്ല.

3—2—'69 (23—6—'44)

ഇന്നലെ രാത്രി രണ്ടു വിരേചനഗുളിക സേവിച്ചു. അതു നിമിത്തം വല്ലാത്ത ക്ഷീണമുണ്ട്. അരക്കെട്ടിൽ ഒരു വേദനയും ഉണ്ട്. മി: ടെൻസന്ന് ആശ്വാസമായി എന്നും, ജോലി ആരംഭിച്ചു എന്നും അറിയുന്നു.

5—2—'69 (25—6—'44)

ടെലഗ്രാഫ് ഇൻസ്പെക്ടർ മി: ഹെർമിയും സീലിസ്സായ്യം എന്നെ കാണാൻ വന്നു. ചില വൃക്ഷങ്ങൾ മുറിച്ചു നീക്കേണ്ട കായ്യത്തെപ്പററി ആലോചിക്കാനാണ് ആദ്യം പറഞ്ഞ ആൾ വന്നിട്ടുള്ളതു്. തിരുവിതാംകൂർ റാണി വൈയ്ക്കത്തേക്ക് എഴുന്നെള്ളുന്നുണ്ടെന്ന് അറിവുകിട്ടിയിരിക്കുന്നു എന്നും തൃപ്പൂണിത്തുറെ എഴുന്നെള്ളി രാജകുടുംബത്തെ സന്ദശിക്കാൻ സൌകയ്യമുണ്ടാകുമോ എന്നു ദിവാനു കമ്പി അടിച്ചു ചോദിക്കണമെന്നും തിരുമനസ്സുകൊണ്ടു് എഴുതിയിരിക്കുന്നു.

6—2—'69 (26—6—'44)

കല്പനപ്രകാരം സർ. ടി. മാധവറാവുവിന് കമ്പി അടിച്ചു. റാണിക്ക് കൊച്ചിയിലേക്ക് എഴുന്നെള്ളുവാൻ സൌകയ്യമില്ലെന്നു മറുപടി കിട്ടി. ആപ്പീസ്ജോലി കഴിഞ്ഞപ്പോൾ നേരം വൈകിയതിനാൽ ഉദ്ദേശിച്ചിരുന്ന പ്രകാരം തിരുമനസ്സിലെ കാണാൻ സാധിച്ചില്ല. സീലിയുടെ രണ്ടു ശിഷ്യന്മാർ മട്രിക്കുലേഷൻ പരീക്ഷയിൽ ജയിച്ചു. അവരിൽ ഗംഗാധരൻ ഒന്നാംക്ലാസ്സിലാണു ജയിച്ചതു്. സുബ്ബറാവുവും ചാക്കോവും തോററു.

* * * * * *

12—2—'69 (2—7—'44)

മല്ലന്റെ കുടുംബകാര്യങ്ങളിൽ ഞാൻ ഏടപെടേണ്ടുന്ന ആവശ്യത്തെപ്പററി റസിഡെണ്ടിനു റിപ്പോർട്ട് അയച്ചു. പരമേശ്വരയ്യർ തൃപ്പൂണിത്തുറക്ക കടക്കാതിരിക്കാനുള്ള ഏർപ്പാടുകൾ ചെയ്തു എന്നറിഞ്ഞു തിരുമനസ്സുകൊണ്ടു സന്തോഷിക്കുന്നു. അപ്പീൽ കോടതിയിൽ നിന്നു റസിഡെണ്ടിന്നു അയക്കുന്ന റിപ്പോർട്ടുകൾ ദിവാൻ മുഖേന വേണമെന്നുള്ള എന്റെ അഭിപ്രായത്തോടു റസിഡെണ്ടു യോജിച്ചിരിക്കുന്നു.

*　*　*　*　*　*

14—2—'69 (4—7—'44)

പാലിയത്തച്ഛൻ ഇന്നലെ രാവിലെ പത്തുമണിക്കു നാടുനീങ്ങിയതായി അറിവു കിട്ടിയിരിക്കുന്നു. ഈ സംഗതിക്കു് അദ്ദേഹത്തിന്റെ അനന്തിരവനിൽ നിന്നു എഴുത്തു കിട്ടി. മരിക്കുമ്പോൾ അദ്ദേഹത്തിനു 79 വയസ്സു പ്രായമായിരുന്നു. അദ്ദേഹത്തെ കാണാൻ തരമാകാഞ്ഞതിൽ എനിക്കു വലിയ വ്യസനമുണ്ടു്. അദ്ദേഹത്തിന്റെ മക്കൾക്കുവേണ്ടി വല്ലതും ചെയ്യുവാൻ സാധിക്കുമോ എന്നു ചോദിക്കാൻ അദ്ദേഹത്തിന്നു താല്പര്യമുണ്ടായിരുന്നതായി തോന്നുന്നു. ഒന്നാംക്ലാസ്സിലെ ഹിസ്റ്ററി ഉത്തരക്കടലാസുകൾ പരിശോധിച്ചു.

15—2—'69 (5—7—'44)

വടക്കെ മഠവും സ്കൂളും സന്ദർശിച്ചു. കഴൂർ കേസ്സിനെ സംബന്ധിച്ചതാണെന്നു തോന്നുന്ന ചില കടലാസ്സുകൾ അങ്ങോട്ടും ഇങ്ങോട്ടും കൊണ്ടുപോകുന്നതായി അറിയുന്നതുകൊണ്ടു് അപ്പീൽ ജഡ്ജിമാർ എന്തോ ചിലതു ചെയ്യുന്നുവെന്നു തോന്നുന്നുണ്ടു്. കഴൂർ സ്വാമിയാരെ ഈ കേസ്സിൽ സാക്ഷിക്കു വിളിച്ചിട്ടുണ്ടു്. അദ്ദേഹത്തെ വിസ്തരിക്കുന്നതു് അദ്ദേഹത്തിനു സമ്മതമില്ലത്രെ. പാലിയത്തച്ഛന്റെ മരണത്തെ സംബന്ധിച്ചു് അദ്ദേഹത്തിന്റെ അനന്തിരവൻ തിരുമനസ്സിലേയ്ക്കും സർവ്വാധിയ്ക്കും അയച്ച എഴുത്തുകൾ രണ്ടുപേരും സ്വീകരിക്കാതെ മടക്കി.

[തുടരും]

# ശരച്ചന്ദ്രചട്ടോപാദ്ധ്യായൻ

(തുടച്ച)

(പണ്ഡിതർ ആർ. സി. ശമ്മ.)

എന്നാൽ വലിയൊരു ടാഗോർഭക്തനായിരുന്നു ശരച്ചന്ദ്രൻ. ടാഗോറിനെ തൻെറ ഗുരുദേവനായിട്ടാണ് അദ്ദേഹം കരുതിവന്നിരുന്നതു്. "ബേതാർ" ആഫീസ്സിൽവെച്ച് ഇക്കഴിഞ്ഞ (1113) ചിങ്ങമാസത്തിൽ ശരച്ചന്ദ്രൻെറ 62-ാമത്തെ ജന്മദിനത്തെ ആഘോഷിക്കുന്നതിനായി കൂടിയ മഹായോഗത്തിൻെറ അഭിനന്ദനങ്ങൾക്കു മറുപടി പറഞ്ഞകൂട്ടത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:—"അറുപത്തിരണ്ടാമത്തെ വയസ്സിൽ കാലൂന്നിയ ഞാൻ ഇന്നത്തെ ഈ ജന്മദിനാഘോഷം പ്രമാണിച്ച് എല്ലാവരുടേയും അടുക്കൽ ആശീർവ്വാദത്തെ പ്രാത്ഥിക്കുന്നതിനു മുമ്പായി രോഗശയ്യയിൽ കിടക്കുന്ന എൻെറ ഗുരുദേവനായ ആ വിശ്വകവിയെ—രവീന്ദ്രനാഥടാഗോറിനെ—ഉദ്ദേശിച്ച് ആദ്യമായി ഇതാ, എൻെറ പ്രണാമങ്ങളെ അപ്പിച്ചുകൊള്ളുന്നു. അദ്ദേഹത്തിൻെറ അനുഗ്രഹം എനിക്കുമാത്രമല്ല, സാഹിത്യലോകത്തിൽ സഞ്ചരിക്കുവാൻ പുറപ്പെടുന്ന ഏതൊരു ലേഖകനും അത്യന്തം സൌഭാഗ്യപ്രദമായ ഒരു പരമസമ്പത്താണ്."

ശരച്ചന്ദ്രൻ സത്യനിഷ്ഠനും സഹൃദയനുമായ ഒരു സാഹിത്യകാരനാണ്. കൃത്രിമമായ അലങ്കാരങ്ങളെക്കൊണ്ട് യാഥാത്ഥ്യത്തെ മറയ്ക്കുന്ന പ്രതിപാദനവും ഭാഷാരീതിയും അദ്ദേഹത്തിനു് ഇഷ്ടമല്ല. സ്വാനുഭവത്തിൽപ്പെട്ട വിഷയങ്ങളെ ലളിതമായ ഭാഷയിൽ തന്മയത്വത്തോടുകൂടി പ്രതിപാദിക്കുവാനേ അദ്ദേഹം ശ്രമിച്ചിട്ടുള്ളു. തൻെറ ജ്ഞാനപരിധിക്കു വെളിയിലുള്ള കാര്യങ്ങളെ ഊഹംകൊണ്ടു വലിച്ചിഴച്ചുകൊണ്ടുവന്നു മററുള്ളവരുടെ മുമ്പിൽ ചെപ്പടിവിദ്യ കാണിച്ചു മേന്മനേടുവാൻ അദ്ദേഹം ഒരിക്കലും പ്രയാസപ്പെട്ടിട്ടില്ല. ഈ സത്യലംഘനഭീരുത്വം അദ്ദേഹത്തിൻെറ സാഹിത്യത്തെ അനുഭവത്താൽ അതിരിടപ്പെട്ട യാഥാത്ഥ്യത്തിൻെറ പരിമിതമായ പരിധിക്കുള്ളിലാക്കിക്കളഞ്ഞു. തന്മൂലം വിസ്തൃതമായ ബഹിർലോകത്തിൻെറ വിശാലമായ അന്തരീക്ഷത്തിൽ വിഹരണം ചെയ്യുവാനുള്ള സ്വാതന്ത്ര്യം അതിനില്ലാതാവുകയും ചെയ്തു. ഇതിനെ സംബന്ധിച്ചു ശരച്ചന്ദ്രൻതന്നെ ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായിട്ടുണ്ട്:—"ധാരാളം കൊടുത്തിട്ടും അല്പംപോലും കിട്ടാത്ത ഒരു കൂട്ടർ പ്രപഞ്ചത്തിലുണ്ട്. അന്യന്മാരിൽനിന്ന് അവക്കു വല്ലതും ലഭിക്കുന്നുണ്ടെങ്കിൽ അതു ക്രൂരമായ വഞ്ചനയും നിർദ്ദയമായ മർദ്ദനവും മാത്രമാണ്. ആ ദുർബ്ബലന്മാരുടെ കണ്ണുനീർ കണക്കിൽ കൂട്ടുവാൻ വകയില്ലാത്ത നിസ്സാരവസ്തുക്കളായി

ട്ടാണു മനുഷ്യർ കരുതുന്നതു്. എല്ലാം നിറഞ്ഞ ഈ ലോകത്തിൽ തങ്ങൾക്കു് ഒന്നിനും അവകാശമില്ലാതെ പോയതു് എന്തുകൊണ്ടാണെന്നു ക്ലേശപൂർണ്ണമായ സ്വന്തം ജീവിതത്തിനിടയിൽ പലപ്പോഴും അവർ തന്നെത്താൻ ചോദിച്ചുപോകാറുണ്ടു്. ആ ചോദ്യത്തിനു സമാധാനം കിട്ടാതെ ശാന്തിരഹിതമായ ജീവിതം നയിക്കുന്ന ആ പാവങ്ങളുടെ അസ്വസ്ഥമായ ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നും പുറപ്പെടുന്ന ദയനീയമായ ദീർഘനിശ്വാസമാണു് എന്നെ മുഖരനാക്കിയതു്,—മനുഷ്യത്വത്തിൻെറ സമീപത്തിൽ മനുഷ്യരുടെ സങ്കടം അറിയിക്കുവാൻ എന്നെ പ്രേരിപ്പിച്ചതു്. അവരുടെ നേരെ നടത്തപ്പെട്ട എത്രയോ അന്യായങ്ങൾ, എത്രയോ അക്രമങ്ങൾ, എത്രയോ അഴിമതികൾ ഞാൻ കണ്ടുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടാണു് അത്തരം പാവങ്ങളുടെ കാര്യങ്ങളുമായി മാത്രം ഇടപാടു നടത്തുവാൻ ഞാൻ തീരുമാനിച്ചതു്. പ്രകൃതിയുടെ സൗന്ദര്യസമ്പത്തിനേയും വഹിച്ചുകൊണ്ടു വസന്തം ലോകത്തിൽ ആവിർഭവിക്കാറുണ്ടെന്നു് എനിക്കറിയാം. അതിൻെറ കൂടെ കോകിലത്തിൻെറ കളഗാനവും, മല്ലീജാതി പ്രഭൃതികസുമങ്ങളുടെ മോഹനസൌരഭ്യവും, മനം മയക്കുന്ന മലയാനിലൻെറ മഞ്ജുളവിലാസവും മററും ഉണ്ടായിരിക്കുമെന്നു ഞാൻ കേട്ടിട്ടുമുണ്ടു്. എന്നാൽ എൻെറ ദൃഷ്ടികൾ അകപ്പെട്ടുപോയ സ്ഥലത്തിൻെറ ചുരുങ്ങിയ പരിധികളുള്ളിൽ അവയൊന്നും കണ്ടെത്തുവാൻ എനിക്കു കഴിഞ്ഞിട്ടില്ല. ആ ദാരിദ്ര്യം എൻെറ രചനകൾക്കു് ഇതിൽ എവിടെ നോക്കിയാലും കണ്ണിൽപ്പെടും. എന്നാൽ ശ്രുതിമധുരമായ ചില പദങ്ങളെ അർത്ഥഹീനമായ വിധത്തിൽ കോർത്തിണക്കി, യഥാർത്ഥത്തിൽ ഞാൻ കണ്ടെത്താത്ത വസ്തുവിനെ കണ്ടെത്തി എന്നു കാണിക്കുവാൻ നിഷ്ഫലമായി പ്രയത്നിക്കുക എന്ന സാഹസകർമ്മത്തിനു ഞാൻ ഒരിക്കലും ഒരുമ്പെട്ടിട്ടില്ല. ഇതുപോലെതന്നെ എൻെറ ജീവിതത്തിലെ അന്വേഷണംകൊണ്ടു സൂക്ഷ്മതത്വം കണ്ടുപിടിക്കുവാൻ കഴിയാത്ത വേറെയും പല വിഷയങ്ങളും ഉണ്ടു്. അവിനയത്തിൻെറ തള്ളിച്ചകൊണ്ടു് അവയുടെ പവിത്രതയെ മലിനപ്പെടുത്തുക എന്ന അപരാധവും ഞാൻ പ്രവർത്തിച്ചിട്ടില്ല. തന്മൂലം എൻെറ സാഹിത്യസാധനയുടെ വിഷയവും വൃത്തവും വിവരണവും വ്യാപകങ്ങളല്ല. ചുരുങ്ങിയ പരിധിക്കുള്ളിൽ ഒതുങ്ങത്തക്കവിധം അവ കേവലം സങ്കീർണ്ണങ്ങളാണു്. എന്നാൽ ഒരു കാര്യത്തിൽ എനിക്കു വേണ്ടുവോളം അഭിമാനത്തിനു് അവകാശമുണ്ടു്. അവാസ്തവത്തിൻെറ ചായംതേച്ചു് അവയെ ഞാൻ ഇന്നും സത്യഭ്രഷ്ടങ്ങളാക്കിട്ടില്ല, നിശ്ചയം."

സുപ്രസിദ്ധ ഫ്രഞ്ച്സാഹിത്യകാരനായ റൊമെയിൻ റോളൻഡ് പറയുന്നതുപോലെ ശരച്ചന്ദ്രൻ പൊതുജനങ്ങളുടെ ആഖ്യായികാകാരനാ

ണ്. "ടാഗോറിൻെറ കൃതികൾ വായിച്ചാൽ ഞങ്ങൾക്കൊന്നും മനസ്സിലാവാറില്ല. എന്നാൽ നിങ്ങളുടെ നോവലുകൾ എളുപ്പത്തിൽ ഞങ്ങൾക്കു മനസ്സിലാവുകയും ചെയ്യും. എന്താണ് ഇതിനു കാരണം?" എന്നിങ്ങനെ ഒരിക്കൽ ശരച്ചന്ദ്രനെ കാണുവാൻചെന്ന ഒരു മാന്യൻ അദ്ദേഹത്തോടു ചോദിക്കുകയുണ്ടായി. മറുപടി പറയുവാൻ ശരച്ചന്ദ്രന് അശേഷം ആലോചിക്കേണ്ടിവന്നില്ല. "അതിനുള്ള കാരണം അധികംദൂരെ അന്വേഷിക്കേണ്ട ആവശ്യമില്ല. നിങ്ങളെപ്പോലെയുള്ള ഈ സാധാരണജനങ്ങൾക്കു വേണ്ടിയല്ല, ഞങ്ങളെ—ഗ്രന്ഥകാരന്മാരെ—ഉദ്ദേശിച്ചാണു ടാഗോർ ഗ്രന്ഥങ്ങൾ എഴുതുന്നതു്. എൻെറ നോവലുകളാകട്ടെ നിങ്ങൾക്കുവേണ്ടി എഴുതപ്പെട്ടുന്നവയുമാണ്." എന്നായിരുന്നു അദ്ദേഹത്തിൻെറ സമാധാനം. ചെറുകഥകളിലും പദ്യസാഹിത്യത്തിലും ടാഗോറിന് ഈ സ്ഥാനം അഭംഗുരമാണെങ്കിലും ഒരു നോവലെഴുത്തുകാരനെന്ന നിലമാത്രം വെച്ചുകൊണ്ടു നോക്കുമ്പോൾ ടാഗോറിനേക്കാൾ എത്രയൊ മേലെയാണു ശരച്ചന്ദ്രൻ. ഉന്നതമായ ആദർശത്തിൻെറ സ്വപ്നമയമായ ലോകത്തിൽനിന്നും, അനുഭവത്തോടിടകലന്ന യാഥാർത്ഥ്യത്തിൻെറ ജാഗ്രദാവസ്ഥയിലേക്കു നോവൽ പ്രസ്ഥാനത്തെ നയിച്ച ബംഗാളത്തിലെ ഒന്നാമത്തെ ആഖ്യായികാകാരനാണ് അദ്ദേഹം. "ബംഗാളിലെ മൊപ്പസൻറു്" എന്നാണു ലണ്ടൻ ടൈംസ് അദ്ദേഹത്തെപ്പററി പറഞ്ഞിരിക്കുന്നതു്. വംഗദേശത്തിലെ ആഖ്യായികാലോകത്തിൽ ഒരഭിനവയുഗത്തിൻെറ പ്രവർത്തകനും, ശോഭനമായ ഭാവിയുടെ സ്രഷ്ടാവുമായിട്ടാണു ടാഗോർ അദ്ദേഹത്തെ കാണുന്നതു്. അദ്ദേഹം ഇങ്ങനെ പറയുന്നു:—"ശരച്ചന്ദ്രനും അദ്ദേഹത്തിൻെറ സാഹിത്യത്തിനും നമ്മോടു് ഏററവും വലിയ അടുപ്പമുണ്ടു്. അദ്ദേഹത്തിൻെറ രചനകൾ ഇതുവരെയുള്ള മറേറതൊരാളുടെ കൃതികളേക്കാളും കൂടുതലായി വായനക്കാരുടെ ഹൃദയത്തെ സ്പർശിക്കുവാൻ പര്യാപ്തങ്ങളാണ്. സംഗതികളെ വിശദമായും വിശാലമായും വീക്ഷിക്കുകയും വൈദഗ്ദ്ധ്യത്തോടും വ്യക്തതയോടുംകൂടി വെളിപ്പെടുത്തുകയും ചെയ്തിട്ടുള്ള ഒരാളാണദ്ദേഹം. പിന്തുടൎന്നു വരുന്ന എഴുത്തുകാൎക്കു് അനായാസേന അകത്തുകടക്കുവാൻ സൌകൎയ്യം ലഭിക്കത്തക്കവിധത്തിൽ ബംഗാളികളുടെ ഗൃഹജീവിതത്തിൻെറ മുൻവശത്തുള്ള മറ മാററിക്കളഞ്ഞു. അദ്ദേഹം അതിൻെറ അന്തർഭാഗം നമുക്കു് സുസ്പഷ്ടമായി കാട്ടിത്തരുന്നു. ശരച്ചന്ദ്രൻമൂലമാണ് തങ്ങൾക്കു് ഈ സൌകൎയ്യം സിദ്ധിച്ചതെന്നുള്ള കഥ ഭാവിസാഹിത്യകാരന്മാർ ഒരു പക്ഷെ വിസ്മരിച്ചേക്കാം; അഥവാ, ആ വാസ്തവത്തെ ഏററുപറയുവാൻ അവർ വിസമ്മതം ഭാവിച്ചു എന്നു വരാം, എന്നാൽ വായനക്കാർ ഒരിക്കലും അതു മറക്കുകയില്ലെന്നാണ് എൻെറ വിശ്വാസം. മറന്നുകളയുകയാണെങ്കിൽ അതു നഗ്നമായ കൃതഘ്നതയായിരിക്കും. മറന്നാൽത്തന്നെ അതുകൊണ്ടെന്താ

ണ്ടു ദോഷം? പരിശ്രമത്തിന്റെ ഫലപ്രാപ്തിതന്നെയാണ് അതിനുള്ള ഉത്തമമായ പ്രതിഫലം. മുറുമുറുപ്പുകൂടാതെതന്നെ വേണ്ടെന്നു വെക്കുവാൻ സാധിക്കത്തക്കവിധത്തിൽ, കൃതജ്ഞത ആവശ്യത്തിൽ കവിഞ്ഞുള്ള ഒരാഡംബരം മാത്രമാണ്."

മനുഷ്യന്റെ സാമുദായികാദർശങ്ങൾ പരമ്പരാസിദ്ധങ്ങളായ സംസ്കാരവിശേഷങ്ങൾ എന്നിവയ്ക്കു് അന്തഃകരണത്തിന്റെ അദൃപ്രബുദ്ധങ്ങളായ സഹജപ്രചോദനങ്ങളുമായി ഉണ്ടാകാറുള്ള ഭയങ്കരസമരമാണ് ശരൽസാഹിത്യത്തിലെ പ്രധാനമായ പ്രതിപാദ്യവിഷയം. ചിരകാലാഭ്യസ്തമായ ആചാരത്താൽ ദൃഢമൂലമായിത്തീൎന്ന സാമുദായിക നിയമങ്ങളും കാലപരിവൎത്തനത്തിന്റെ ഫലമായി വ്യക്തികളിൽ അങ്കുരിക്കുന്ന സ്വതന്ത്രചിന്തയുടെ സന്താനങ്ങളായ അഭിനവാദൎശങ്ങളും തമ്മിൽ പലപ്പോഴും ഇടയാറുണ്ട്. മനുഷ്യൻ ഒരിക്കലും പരിപൂൎണ്ണനല്ല. പരിതസ്ഥിതികളുടെ പരിവൎത്തനത്തോടൊപ്പം അവന്റെ ജീവിതരീതി, ചിന്താശക്തി മുതലായവയും മാറിക്കൊണ്ടേ ഇരിക്കും. അതിനാൽ സാമുദായിക നിയമങ്ങൾക്കും ഇടയ്ക്കിടയ്ക്കു പരിവൎത്തനങ്ങൾ ആവശ്യമാണ്. എന്നാൽ ഈ തത്വം ഗ്രഹിക്കുവാൻ കഴിയാതെ, അഥവാ, ഗ്രഹിക്കുവാൻ ശ്രമിക്കാതെ മാമൂലിനെത്തന്നെ മുറുകെപ്പിടിച്ചുകൊണ്ടു നടക്കുന്ന ഒരുകൂട്ടം മക്കടമുഷ്ടിക്കാർ സമുദായത്തിന്റെ നേതൃത്വം വഹിക്കുമ്പോഴാണ് അതിൽ അന്തഃച്ഛിദ്രങ്ങളും വിപ്ലവങ്ങളും ഉണ്ടാകുന്നതു്. പരിശുദ്ധമായ അന്തഃകരണത്തിന്റെ പ്രചോദനം മൂലമായാലും സമുദായത്തിലെ ആചാരങ്ങൾക്കു വിപരീതമായി ആരെങ്കിലും പ്രവൎത്തിച്ചുപോയാൽ അവൻ സദാചാരഹീനനാണെന്നു് ഉത്തരക്ഷണത്തിൽത്തന്നെ സമുദായം വിധിക്കുകയായി. ഈ സമുദായാചാരലംഘനത്തെ സാഹിത്യകാരന്മാർ അവജ്ഞയോടുകൂടിയാണ് ഇത്രയുംനാൾ വീക്ഷിച്ചുവന്നിരുന്നതു്. എന്നാൽ ഇക്കാൎയ്യത്തിൽ ശരച്ചന്ദ്രന്റെ വീക്ഷണമാകട്ടെ അല്പംകൂടി വിശാലവും അനുകമ്പാപൂൎണ്ണവുമായിരുന്നു. കൃത്രിമങ്ങളായ സാമുദായികനിയമങ്ങളുടെ നിൎദ്ദയമായ സ്വാൎത്ഥത്തിനു മുമ്പിൽ സ്വാഭാവികങ്ങളായ ആത്മപ്രചോദനങ്ങളുടെ മൌലികമായ വിശുദ്ധിയെ ബലികഴിക്കുവാൻ മററുള്ള സാഹിത്യകാരന്മാരെപ്പോലെ അദ്ദേഹം സന്നദ്ധനായിരുന്നില്ല. അതിനാൽ മററുള്ളവർ മൂടിവെയ്ക്കുകയോ മാററി കുറയ്ക്കുകയോ ചെയ്യാറുള്ള ആ വികാരങ്ങൾക്കു് അദ്ദേഹം തന്റെ സാഹിത്യത്തിൽ ശരിയായ സ്ഥാനം നല്കി. സമുദായത്തിന്റെ അവജ്ഞയ്ക്കും അവഹേളനത്തിനും പാത്രങ്ങളായ വ്യക്തികളിലും വൎഗ്ഗങ്ങളിലും അദ്ദേഹം പവിത്രമായ പ്രണയത്തിന്റെ ഉറവിനെ കണ്ടെത്തി. തന്മൂലം വേശ്യകൾക്കും വേലക്കാരികൾക്കുംകൂടി അദ്ദേഹത്തിന്റെ കൃതികളിൽ നായികാസ്ഥാനം ലഭിക്കുവാൻ ഇടയായി.

'സാഹിത്യത്തിൽ ശരച്ചന്ദ്രൻ വരുത്തിക്കൂട്ടിയ ഈ നൂതനമായ പരിവത്തനം പല സമുദായനേതാക്കന്മാരുടേയും നിശിതമായ നിരൂപണങ്ങൾക്കു വിഷയമായിത്തീന്നു. "സമുദായത്തെ ധിക്കരിക്കുന്ന വിപ്ലവകാരിയായ സാഹിത്യകാരൻ" എന്നു് അദ്ദേഹത്തെ യാഥാസ്ഥിതികന്മാർ അധിക്ഷേപിച്ചു തുടങ്ങി. 'യമുന' എന്ന മാസികയിൽ ഈ വഗ്ഗത്തിൽപ്പെട്ട "ചരിത്രഹീനൻ" എന്ന ആഖ്യായിക തുടച്ചയായി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നതു കണ്ടിട്ടു ക്ഷോഭിച്ചു വശായ ചില വരിക്കാർ അതിൻെറ പ്രസിദ്ധീകരണം നിറുത്തിക്കളഞ്ഞില്ലെങ്കിൽ തങ്ങൾ മേലാൽ മാസികയുടെ വരിക്കാരായിരിക്കുന്നതല്ലെന്നു മാസികാപ്രവത്തകന്മാരെ അറിയിച്ചതിൻെറ ഫലമായി അവർ ആ ആഖ്യായികയുടെ പ്രസിദ്ധീകരണം ഇടയ്ക്കുവെച്ചു നിറുത്തുവാൻ നിർബ്ബന്ധിതരായിത്തീരുകപോലും ചെയ്തിട്ടുണ്ടു്.

ശരച്ചന്ദ്രൻ സമുദായത്തെ ഒരിക്കലും ധിക്കരിച്ചിരുന്നില്ല. എന്നാൽ സ്ഥാനത്തിലും അസ്ഥാനത്തിലും വ്യക്തിസ്വാതന്ത്ര്യത്തിനുള്ളിൽ കൈ കടത്തുന്ന അതിൻെറ ഹൃദയഹീനമായ പ്രവൃത്തിയെ അദ്ദേഹം കഠിനമായി വെറുത്തിരുന്നു. ആ വിഷയത്തെ അധികരിച്ചു് അദ്ദേഹം ഇപ്രകാരം പറയുന്നു:— "സമുദായത്തെ ഞാൻ മാനിക്കുന്നുണ്ടു്. എന്നാൽ ദൈവമെന്നു കരുതി അതിനെ ആരാധിക്കുവാൻ എനിക്കു വയ്യ. സ്ത്രീപുരുഷന്മാർ അനേകതലമുറയായി സംഗ്രഹിച്ചു വെച്ചിട്ടുള്ള അനവധി ദുഷിച്ച സംസ്കാരങ്ങളും അന്ധവിശ്വാസങ്ങളും ക്രൂരാചാരങ്ങളും ഒന്നിച്ചു ചേന്നും അതിനുള്ളിൽ ലയിച്ചു കിടപ്പുണ്ടു്. മനുഷ്യരുടെ ഊണു്, ഉടുപ്പു്, കിടപ്പു് മുതലായ വിഷയങ്ങളിൽ സമുദായത്തിൻെറ ശാസനരീതി പറയത്തക്കവണ്ണം കക്കശമൊ വേണ്ടിടത്തോളം അവധാനപൂവ്വമൊ അല്ല. എന്നാൽ അതിൻെറ ക്രൂരമായ മൂത്തി സമഗ്രമായി പ്രത്യക്ഷപ്പെടുന്നതു സ്ത്രീപുരുഷന്മാരുടെ പരസ്പരാനുരാഗ സംഗതിയിലാണു്. ഇവിടെയാണു മനുഷ്യക്കു സമുദായത്തിൻെറ മദ്ദനം എല്ലാററിനേക്കാൾ കൂടുതലായി അനുഭവിക്കേണ്ടിവരുന്നതു്. മനുഷ്യർ അതിനെ ഭയപ്പെടുകയും അതിൻെറ അധികാരത്തിനു കീഴ്പെടുകയും ചെയ്യുന്നു. ദീഘകാലത്തെ അനുഭവംകൊണ്ടു വേരുറച്ചു തഴച്ചുവരുന്ന ഈ ഭയമെല്ലാം ഒടുവിൽ വിധിപ്രകാരമുള്ള നിയമങ്ങളായി പരിണമിക്കുന്നു. അവയുടെ ബന്ധനത്തിൽനിന്നു് ആക്കും മുക്തിനല്കുവാൻ സമുദായം സന്നദ്ധമല്ല. പുരുഷന്മാരുടെ കായ്യത്തിൽ അത്രവളരെ വൈഷമ്യങ്ങളില്ല; അവക്കു പലവഴിക്കും ഒഴിഞ്ഞുമാറിപ്പോകുവാനുള്ള മാഗ്ഗങ്ങൾ തുറന്നുകിടപ്പുണ്ടു്. എന്നാൽ ഒരിടത്തും ഒരു പ്രകാരത്തിലും തപ്പിപ്പിഴക്കുവാൻ വഴിയില്ലാത്ത ഒരു കൂട്ടരുണ്ടു്; അവർ സ്ത്രീകളാണു്.

ഏകനിഷ്ഠമായ പ്രേമത്തിൻെറ ആശാസ്യതയെ ആധുനിക സാഹിത്യകാരനും സമ്മതിക്കുന്നുണ്ട്. അതിൻെറ നേരെ അയാൾക്ക് അതിരററ ഭക്ത്യാദരങ്ങളുമുണ്ട്. എന്നാൽ അതിൻെറ പേരും പറഞ്ഞു നടത്തപ്പെടുന്ന വഞ്ചനയാണ് അയാൾക്ക സഹിക്കവയ്യാത്തത്. ഈ വഞ്ചനയുടെ പഴുതിൽക്കൂടെ ഭാവി സന്താനങ്ങളുടെ ആത്മാവിൽ സംക്രമിക്കുവാൻ ഇടയാകുന്ന അസത്യത്തിൻെറ അംശം ജീവിതകാലം മുഴുവൻ അവരെ ഭീരുക്കളും, കപടസ്വഭാവികളും, നിഷ്ഠുരന്മാരും, മിത്ഥ്യാചാരികളും ആക്കിത്തീർക്കുമെന്നാണ് അയാളുടെ അഭിപ്രായം. പ്രയോജനവും സൌകര്യവും പ്രമാണിച്ചു പ്രായോഗികജീവിതത്തിൽ അനേകം അവാസ്തവങ്ങളെ പലപ്പോഴും വാസ്തവങ്ങളെന്നു ഭാവിക്കേണ്ടതായിവരാം; എന്നുവെച്ച്, ആ കാരണംകൊണ്ടു മാത്രം ഒരു ജാതിയുടെ സാഹിത്യത്തെക്കൂടി കലുഷിതമാക്കുവാൻ പുറപ്പെടുന്നതു് അക്ഷന്തവ്യമായ ഒരു മഹാപാപമാണ്. താൽകാലികഫലം എന്തുതന്നെയായാലും ആ സങ്കുചിതമായ പരിധിക്കുള്ളിൽ നിന്ന് അതിനു മുക്തിനല്കേണ്ടതു് അത്യാവശ്യമാകുന്നു. എന്തുകൊണ്ടെന്നാൽ സാഹിത്യമാണു ജാതിയുടെ ഐശ്വര്യം.

ഈ ഉൽകൃഷ്ടമായ ആദർശമാണു ശരൽസാഹിത്യത്തിൻെറ ജീവനാഡി. അസത്യം, വഞ്ചന, മിത്ഥ്യാചാരം എന്നിവയെ ശരച്ചന്ദ്രൻ കഠിനമായി വെറുത്തിരുന്നു. അവയ്ക്കു സ്വസാഹിത്യത്തിൽ സ്ഥാനംനല്കുന്ന വിഷയത്തിൽ അദ്ദേഹത്തെ വഴിപ്പെടുത്തുവാൻ ഒരു പ്രലോഭനത്തിനും ശക്തിയുണ്ടായിരുന്നില്ല. മതത്തേയും സമുദായത്തേയും ഈശ്വരനേയും അദ്ദേഹം ജീവിതത്തിൽ ഒരിക്കലും നിഷേധിക്കുകയുണ്ടായിട്ടില്ല. ഈശ്വരനിൽ അദ്ദേഹത്തിന്ന് അഗാധമായ വിശ്വാസമുണ്ടായിരുന്നു. അദ്ദേഹം സമുദായത്തെ ഭയപ്പെടുകയും ഹിന്ദുമതത്തെ സർവ്വാത്മനാ ബഹുമാനിക്കുകയും ചെയ്തിരുന്നു: എന്നാൽ കൃത്രിമമായ മേന്മയും കാപട്യംനിറഞ്ഞ ആചാരങ്ങളും മാത്രം അദ്ദേഹത്തിനു കണ്ടുകൂടാ.

നാലു ഭാഗങ്ങളുള്ള 'ശ്രീകാന്തൻ' എന്ന ആഖ്യായികയാണു ശരച്ചന്ദ്രൻെറ ഏററവും പ്രധാനപ്പെട്ട കൃതി. കഥാനായകനായ ശ്രീകാന്തൻതന്നെ തൻെറ ജീവതകഥയെ സ്വന്തം വാക്യത്തിൽ വിവരിക്കുന്ന രീതിയിലാണ് അതു ഗ്രഹിക്കപ്പെട്ടിട്ടുള്ളതു്. ശരച്ചന്ദ്രൻെറ ജീവചരിത്രത്തിലെ പല അംശങ്ങളും അതിൽ പ്രതിബിംബിച്ചിട്ടുള്ളതായി കാണാം. ആ ഗ്രന്ഥത്തോടു ശരച്ചന്ദ്രനു വലിയ പ്രതിപത്തിയായിരുന്നു. അതെഴുതുന്ന സന്ദർഭങ്ങളിൽ അദ്ദേഹത്തിനു മാനസികമോ, ശാരീരികമോ ആയ യാതൊരു ക്ഷീണവും തോന്നിയിരുന്നില്ല. പ്രത്യുത, വല്ല കാരണവശാലും ക്ഷീണിച്ചിരിക്കുന്ന അവസരങ്ങളിൽ ശ്രീകാന്തനിലെ ഒന്നു രണ്ടു് അദ്ധ്യായങ്ങൾ

എഴുതുവാൻ ശ്രമിക്കുന്നതോടുകൂടി ആവക ക്ഷീണമെല്ലാം താനേ തീൎന്നു പോവുകയാണു പതിവു്.

"പഥേർദാബി" എന്ന രാഷ്ട്രീയാഖ്യായികയാണു് അദ്ദേഹത്തിന്റെ മറെറാരു പ്രധാനകൃതി. രാഷ്ട്രീയകാൎയ്യങ്ങളിൽ വിപ്ലവപരമായ ജീവിതം നയിച്ച ഒരുത്തന്റെ ചരിത്രമാണു് അതിലെ വിഷയം. 'വംഗവാണി' എന്ന മാസികയിൽ തുടൎച്ചയായി പ്രസിദ്ധപ്പെടുത്തിയ ആ നോവൽ ഒടുവിൽ പുസ്തകരൂപത്തിൽ അച്ചടിക്കപ്പെട്ടപ്പോൾ ആദ്യത്തെ ദിവസംതന്നെ അതിന്റെ ആയിരം പ്രതികൾ ചെലവായി. ഒരു മാസംകൊണ്ടു മൂവായിരം പ്രതികളുള്ള ആദ്യത്തെ പതിപ്പു മുഴുവനും തീൎന്നുപോവുകയാൽ രണ്ടാമതു് അതിന്റെ അയ്യായിരം പ്രതികൾകൂടി അച്ചടിപ്പിക്കപ്പെട്ടു. പുസ്തകത്തിന്റെ വില മൂന്നു ഉറുപ്പികയായിരുന്നു എങ്കിലും മൂന്നു മാസത്തിനുള്ളിൽത്തന്നെ രണ്ടാം പതിപ്പിലെ പ്രതികളും ഒന്നൊഴിയാതെ വിററുതീൎന്നു. ആയിടയ്ക്കുതന്നെ, പ്രക്ഷോഭകരമായ ഒരു ഗ്രന്ഥമാണെന്നുള്ള കാരണത്താൽ ബംഗാൾ ഗവൎമ്മെണ്ടു് അതിന്റെ പ്രസിദ്ധീകരണം തടഞ്ഞതിനാൽ പിന്നീടു് അതു് അച്ചടിപ്പിക്കപ്പെടുവാൻ ഇടയായിട്ടില്ല. ഗവൎമ്മെണ്ടിന്റെ ആ നിരോധനം ഇന്നും നിലനിന്നു പോരുന്നുണ്ടു്.

"ശേഷപ്രശ്ന," "പണ്ഡിതമഹാശയ്," "വൈകുണ്ഠേർവിൽ," "ദേവദാസ്," "ചന്ദ്രനാഥ," "അരക്ഷണീയ," "നിഷ്കൃതി," "ദത്താ," "ഗൃഹദാഹ്," "സ്വാമി," "വിപ്രദാസ്," "പല്ലീസമാജ്," "ബാമുനേർമേയെ," "സ്വാമീ," "നവവിധാൻ"—എന്നുതുടങ്ങി നോവലുകളും ചെറുകഥകളുമായി വേറെയും അനേകം ഗ്രന്ഥങ്ങൾ ശരച്ചന്ദ്രൻ എഴുതീട്ടുണ്ടു്. അദ്ദേഹത്തിന്റെ കൃതികളിൽ പലതും നാടകസംഘങ്ങൾക്കും ചലച്ചിത്രലോകത്തിനും വിലയേറിയ സമ്പാദ്യങ്ങളായിത്തീൎന്നിട്ടുണ്ടെന്നുള്ളതുകൊണ്ടുതന്നെ അവയ്ക്കു് എത്രമാത്രം പ്രസിദ്ധിയും പ്രചാരവും ഉണ്ടെന്നു് അനുമാനിക്കാവുന്നതാണു്. ചില കൃതികൾ ഇംഗ്ലീഷ്, ഫ്രഞ്ച് മുതലായ വിദേശീയ ഭാഷകളിലും ഹിന്ദിതുടങ്ങിയ പൌരസ്ത്യഭാഷകളിലും വിവൎത്തനം ചെയ്യപ്പെട്ടിട്ടുമുണ്ടു്. ചുരുക്കത്തിൽ ഇക്കഴിഞ്ഞ ഇരുപത്തഞ്ചു സംവത്സരങ്ങൾക്കിടയിൽ ശരച്ചന്ദ്രൻ വംഗസാഹിത്യത്തിനു ചെയ്തിട്ടുള്ള ഗുണം ഏതൊരു ഭാഷാഭിമാനിയുടേയും ഹൃദയത്തിൽ അത്ഭുതാദരങ്ങളെ ഉളവാക്കുമാറു് അത്യന്തം അഭിനന്ദനീയമാണു്.

ശരച്ചന്ദ്രനു് അമ്പതു വയസ്സു തികഞ്ഞതു മുതൽ കൊല്ലംതോറും ബങ്കാളിലെ പല സ്ഥാപനങ്ങളും അദ്ദേഹത്തിന്റെ ജന്മൎക്ഷോത്സവത്തെ കൊണ്ടാടുക പതിവായിരുന്നു. സ്ത്രീസമുദായത്തിനും വിദ്യാൎത്ഥിലോകത്തിനും അദ്ദേഹത്തിന്റെ പേരിലുള്ള ബഹുമാനം അസാമാന്യമായിരു

ന്നു. അദ്ദേഹത്തിൻെറ 57-ാമത്തെ ജന്മതിഥിയെ കൊണ്ടാടുവാൻവേണ്ടി പൊതുജനങ്ങളുടെ ഉത്സാഹത്തിന്മേൽ കൽക്കത്തയിലെ ടൌൺഹാളിൽ കൂടിയ അതിഗംഭീരമായ അനുമോദനയോഗത്തിൽ വെച്ചു സ്വദേശത്തിലെ സ്ത്രീകളുടെ വകയായി അദ്ദേഹത്തിനു പ്രത്യേകം ഒരു മംഗളപത്രം സമർപ്പിക്കുകയുണ്ടായി. സ്ത്രീകളിൽ നിന്നു് ഇത്ര കേമമായ ഒരു സ്വീകരണവും അനുമോദനവും ലഭിക്കുവാനുള്ള ഭാഗ്യം ലോകത്തിലെ മററാരു സാഹിത്യകാരനും അതിനുമുമ്പു് ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്.

1936-ൽ ഡക്കാസർവ്വകലാശാലയിൽ നിന്നു ഡോക്ടർ ഓഫ് ലിററരെച്ചർ (Doctor of Literature) എന്ന സ്ഥാനം നല്കി ശരച്ചന്ദ്രനെ മാനിച്ചു. ഉൽകൃഷ്ടമായ സാഹിത്യത്തിൻെറ നിർമ്മാതാവു് എന്ന നിലയെ പുരസ്കരിച്ചുകൊണ്ടു കൽക്കത്താ സർവ്വകലാശാല അദ്ദേഹത്തിനു "ജഗത്താരിണി"മെഡലും സമ്മാനിക്കയുണ്ടായി. ഒരിക്കൽ അദ്ദേഹം കൽക്കത്താ സർവ്വകലാശാലയിലെ ബി. ഏ. പരീക്ഷയ്ക്കു വംഗഭാഷയിലെ പരീക്ഷകനായും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു്.

ഇങ്ങനെ ആഖ്യായികാലോകത്തിൽ അഭിനവമായ ഒരു പ്രകാശം വീശി, പാരിലെല്ലാം പുകൾപ്പാലൊളി പരത്തിക്കൊണ്ടു വംഗസാഹിത്യനഭോമണ്ഡലത്തിൽ വളരെക്കാലം അക്ഷയഭാസ്സോടെ തിളങ്ങിക്കൊണ്ടിരുന്ന ആ ശരച്ചന്ദ്രൻ നാടിനേയും നാട്ടുകാരേയും, വിശേഷിച്ചു സതീശിരോമണിയും സന്താനഹീനയുമായ ഹിരണ്മയീദേവിയേയും അപ്രതിവിധേയവും അത്യഗാധവുമായ ദുഃഖാന്ധകാരത്തിൽ ആഴ്ത്തിക്കൊണ്ടു 1938 ജനുവരി മാസം 16-ാംനു- പ്രപഞ്ചത്തിൻെറ ദൃഷ്ടിയിൽ നിന്നു് എന്നെന്നേയ്ക്കുമായി അന്തർദ്ധാനം ചെയ്തു.

## മണ്ടൻ

(സീതാദേവി)

ഈശ്വരപ്രസാദംകൊണ്ടു രാമനിധിഘോഷൻ ഒരു സമ്പന്നനായിരുന്നു. എങ്കിലും അയാൾ ഒരു ഭാഗ്യവാനായിരുന്നില്ല. മരണദേവത അയാളുടെ ഗൃഹത്തിലെ ഒരു നിത്യയായിരുന്നു. വർഷംതോറും അയാൾക്കു് ഇഷ്ടനായോ, അടുത്തതായോ ഉള്ള ഒരാളെ വീതം പതിവായി മരണദേവത

തട്ടിക്കൊണ്ടു പോവാറുണ്ട്. രാമനിധി ജനിച്ച ഉടനെ തന്നെ അയാളുടെ അമ്മ മരിച്ചു. പിന്നെ ആ തള്ളയില്ലാക്കുഞ്ഞിനെ വളർത്തിക്കൊണ്ടു വന്നതു് അയാളുടെ പിതാവു് വിധവയായ ഒരു സഹോദരിയുടെ സഹായത്തോടുകൂടിയായിരുന്നു. എന്തിനു് രാമനിധിക്കു വയസ്സു് അഞ്ചായപ്പോൾ, ഹതവിധി അയാളുടെ പിതാവിനേയും തട്ടിക്കൊണ്ടു പോയി. അതിനു ശേഷം ആ വിധവയായ അമ്മായിഅമ്മയല്ലാതെ വേറെയാരും രാമനിധിയുടെ സ്വന്തക്കാരായി ഉണ്ടായിരുന്നില്ല. ആ കുട്ടിയെ വളർത്തേണ്ട ഭാരവും അവൾതന്നെയായി. പക്ഷെ അമ്മായിക്കു് ഈ കൃത്യത്തിൽ ഒട്ടും പ്രതീക്ഷിക്കാതിരുന്നതും, സ്വാഗതാർഹമല്ലാത്തതും ആയ ഒരു സ്ഥാനത്തു നിന്നും വേണ്ട സഹായം ലഭിക്കാൻ അധികംതാമസം വേണ്ടിവന്നില്ല. അമ്മായി അമ്മയുടെ ഭർത്താവിൻെറ ആദ്യത്തെ ഭാര്യയിലെ പുത്രൻ യോഗേശനിൽനിന്നും ആയിരുന്നു അതു്.

യോഗേശൻ ഇത്രനാളും ചെറിയമ്മയിൽ നിന്നും കഴിയുന്നതും അകന്നാണു നിന്നിരുന്നതു്. അതിനു തക്കതായ കാരണവുമുണ്ടായിരുന്നു. അവർ നിർധനയായിരുന്നു. അതുകൊണ്ടു് അയാളോടു് എന്തെങ്കിലും ധനസംബന്ധമായ സഹായം ആവശ്യപ്പെടുവാൻ അവൾക്കു് അവകാശമുണ്ടു്. അയാൾ അവരുടെ അടുക്കൽനിന്നും ബുദ്ധിപൂർവ്വം ഒഴിഞ്ഞു മാറി നിന്നു. പക്ഷെ ഇപ്പോൾ തൻെറ ചെറിയമ്മ ഒരു നല്ല ധനവാനായ ഒരു കുട്ടിയുടെ ഏകരക്ഷകർത്താവായി തീൎന്നുവെന്നു് അയാൾ മനസ്സിലാക്കി. ഇപ്പോൾ അടങ്ങിയൊതുങ്ങിയിരിക്കുവാൻ അയാൾക്കു ധൈര്യം വന്നില്ല. ചെറിയമ്മയെ സഹായിക്കാൻ അയാൾ ഓടിയെത്തി.

പക്ഷെ വേഗത്തിൽ അയാൾക്കു അബദ്ധം പറ്റിയെന്നു മനസ്സിലായി. ഉദ്ദേശിച്ചിരുന്ന തരത്തിൽ കാൎയ്യങ്ങൾ ഒന്നും നടക്കുകയില്ലെന്നു അയാൾക്കു ബോദ്ധ്യം വന്നു. രാമനിധിയെ സമർത്ഥനെന്നോ ബുദ്ധിമാനെന്നോ പറയാൻ പാടില്ലായിരുന്നു. പക്ഷേ അയാൾക്കു അമ്മായിയെപ്പററി വലിയ വിശ്വാസമാണു്. അവർ പറഞ്ഞാൽ മരിക്കാൻകൂടി രാമനിധി തയാറായിരുന്നു. യോഗേശനേപ്പററി അയാളുടെ ചെറിയമ്മയ്ക്കു് ഒട്ടുംതന്നെ മിഥ്യാബോധം ഉണ്ടായിരുന്നില്ല. അവൾക്കു പഴയ കാൎയ്യങ്ങളെപ്പററി നല്ല ഓൎമ്മയുണ്ടായിരുന്നു. പുത്രൻെറ പഴയ നടപടികൾ ഒന്നും അവർ മറന്നിരുന്നില്ല.

എങ്കിലും പെട്ടെന്നു് ആശ വിടാൻ അയാൾ നിശ്ചയിച്ചില്ല. എത്രയായാലും ചെറിയമ്മ ചിരംജീവിയല്ലല്ലോ. രാമനിധിക്കു സ്വന്തം ബ

ന്ധുക്കൾ വേറെ ആരും ഉണ്ടായിരുന്നില്ല. അതുകൊണ്ടു ക്ഷമിച്ചിരുന്നാൽ വെറുതെയാവുകയില്ല. എന്തെങ്കിലും അതിന്ന് ഒരു പ്രതിഫലം കിട്ടും. യോഗേശൻ നന്നെ ചെറുപ്പത്തിലെ വിവാഹം കഴിച്ചതാണ്, പക്ഷെ ഭാര്യ അവരുടെ പിതാവിൻെറ ഗൃഹത്തിൽ തന്നെയാണ് താമസിച്ചിരുന്നതു്. തള്ളയുടെ കണ്ണിലുണ്ണിയായി അതിലാളനയിൽ വളന്ന ആ പെൺകിടാവിന്നു മാതാപിതാക്കന്മാരിൽ നിന്നും വേർപിരിഞ്ഞു നിൽക്കുവാൻ കഴിഞ്ഞിരുന്നില്ല. സ്വഗൃഹത്തിൽ താമസിച്ചിരുന്നപ്പോൾ യോഗേശന്ന ഒന്നോ രണ്ടോ തവണ അവളെക്കൂടെ കൊണ്ടുവന്നു താമസിപ്പിക്കുന്നതിന്ന സാധിച്ചിട്ടുണ്ടു്. പുതിയ വാസസ്ഥലത്തുവന്നതിന്നശേഷം അവൾ ഇങ്ങോട്ടു തിരിഞ്ഞുനോക്കീട്ടേയില്ല. അയാളുടെ ശ്വശ്രുവിന്ന മകളെ വേറൊരിടത്തു അയച്ച് അവിടെ താമസിപ്പിക്കുന്നതിന്ന തൃപ്തിയില്ലായിരുന്നു. അതിലും വിശേഷിച്ചും അവളെ സന്മനസ്സോടുകൂടി സ്വീകരിക്കാൻ ഇടയില്ലാത്ത ഒരു സ്ഥലത്തും കൂടെ അയയ്ക്കാൻ യോഗേശൻ നിർബ്ബന്ധിച്ചതുമില്ല. ചെറിയമ്മയുടെ കായ്യത്തെപ്പററി അയാൾക്കു നല്ല നിശ്ചയമില്ലായിരുന്നു. അവക്ക് തൻെറ ഭാര്യയെ പക്ഷെ പിടിച്ചില്ലെന്നു വന്നേക്കാം. ഭായ്യക്കും അതുകൊണ്ടു് അസുഖം തോന്നാൻ ഇടയുണ്ടല്ലോ. ഭായ്യയെപ്പററി മാത്രമേ യോഗേശന്ന് ഭയമുണ്ടായിരുന്നുള്ളു.

ഭായ്യ രാധാറാണി യോഗേശൻെറ അടുക്കൽ വന്നില്ലെങ്കിലും അവൾ അയാൾക്കു കൂടെക്കൂടെ ആളെ അയയ്ക്കും. ചിലപ്പോൾ അയാൾ അവിടെച്ചെല്ലും. അധികവും പോകാതിരിക്കയാണു പതിവ്. ഈയിടെയായി അയാളുടെ കൈയ്യിൽ ചെലവാക്കാൻ പണവും കുറെ കമ്മിയാണ്. പോരെങ്കിൽ രാമനിധിയുടെ അടുക്കൽ നിന്നും ഒട്ടുപോലും വിട്ടുനില്ക്കുന്നതിന്ന് അയാൾക്കു മനസ്സുണ്ടായിരുന്നില്ല. താൻ അവിടെ നിന്നും മാറിയാൽ ചെറിയമ്മ രാമനിധിയെ തൻെറ പിടിയിൽ നിന്നും മാററിയാലോ. കുറെക്കാലത്തെ സ്ഥിരപരിശ്രമംകൊണ്ടു യോഗേശന്ന് ആ കുട്ടിയിൽ ഒരു പിടി ഉണ്ടായിവരുന്നേയുള്ളു. മോഷ്ടിച്ചും മററും ചെറിയ തുകകൾ രാമനിധി ചിലപ്പോൾ യോഗേശന്ന് സമ്മാനിക്കാറുണ്ടു്. ദിവസത്തിൽ മൂന്നുനാലു മണിക്കൂർ വീതം കുട്ടിയെ പഠിപ്പിക്കുന്നുവെന്നുള്ള നാട്യത്തിൽ അയാളുടെ അടുക്കൽ തന്നെ വച്ചുകൊണ്ടിരിക്കും. ഈയിടെയായി ആ മണ്ടനെക്കൊണ്ടു ഒരു ഹാമ്മോണിയം വാങ്ങിപ്പിക്കുവാനായി അയാൾ ശ്രമിക്കുകയായിരുന്നു. ആ കച്ചവടക്കാരൻ യോഗേശന്ന് ഒരു നല്ല തുക കമ്മീഷൻ നൽകാമെന്നു സമ്മതിച്ചിട്ടുണ്ടു്. ആ ഒന്നിനും കൊള്ളില്ലാത്തായിത്തീന്ന സാമാനത്തിൻെറ പകുതി വില യോഗേശന്ന കിട്ടും.

രാമനിധിയും അമ്മായിയുംകൂടി താമസിച്ചിരുന്ന വീട്ട് കൽക്കട്ടാ നഗരത്തിൻെറ ഒരു നാട്ടുംപുറത്തായിരുന്നു. നിൎദ്ധനർ താമസിച്ചിരുന്ന കുടിലുകൾ ആയിരുന്നു അവിടെ അധികം ഉണ്ടായിരുന്നതു്. കല്ലുകൊണ്ടു പണിയിച്ച ഒന്നോ രണ്ടോ വീടുകൾ മാത്രമേ അവിടെയുണ്ടായിരുന്നുള്ളു. അതുംതന്നെ വളരെ പഴക്കം ചെന്നവയായിരുന്നു. നാലുവശവും ധാരാളം വയലുകളും കാടുകളും ഉള്ള ആ പ്രദേശങ്ങളിൽ പകൽപോലും കുറുക്കൻ ഓളിയിടുന്നതു കേൾക്കാം.

സ്വന്തംനാട്ടിൽ അവൎക്കു ധാരാളം ഭൂസ്വത്തുകളും ഒരു വീടും ഉണ്ടായിരുന്നു. പക്ഷേ അവിടത്തെ വാസം അവരുടെ ആരോഗ്യത്തിന് അത്ര പററിയതായിരുന്നില്ല. അതുകൊണ്ടു് ആ ഗ്രാമത്തിൽ താമസിക്കുന്നതിനു രാമനിധിക്കോ അമ്മായിക്കോ അത്ര ഇഷ്ടമില്ലാതായി. അതുകൊണ്ടു കൃഷി ചെയ്യാവുന്ന സ്ഥലം മുഴുവൻ അവർ പാട്ടത്തിന്നു് ഏല്പിച്ചു. പാട്ടം പിരിക്കുന്നതിനു കൊല്ലത്തിൽ രണ്ടുതവണ വീതം അമ്മായിഅമ്മ നാട്ടിലേയ്ക്കു പോകും. ഈ പാട്ടം പിരിക്കുന്നതിൽ തൻെറ കൊച്ചമ്മയെ സഹായിക്കണമെന്നു യോഗേശൻ ആഗ്രഹിച്ചു. പക്ഷേ സഹായിക്കാമെന്നുള്ള തൻെറ അപേക്ഷയെ അവർ ചെവിക്കൊള്ളാറില്ല.

കാലം ഇങ്ങനെ കുറെക്കഴിഞ്ഞു. രാമനിധി വേഗത്തിൽ യൗവനദശയെ പ്രാപിക്കുവാൻ തുടങ്ങി. ഒരു ദിവസം സംഭാഷണമദ്ധ്യേ അമ്മായി ഇങ്ങനെ പറഞ്ഞു. "എനിക്കു വയസ്സായി. എന്നെങ്കിലും ഒരു ദിവസം ഞാൻ മരിക്കും. അനുരൂപയായ ഒരു പെൺകുട്ടിയെ അവനെക്കൊണ്ടു വിവാഹം ചെയ്യിച്ചാൽ മനസ്സമാധാനത്തോടുകൂടി ചാകാമായിരുന്നു."

ഈ അവസരത്തിൽ രാമനിധിയും യോഗേശനും ഉച്ചയ്ക്കു് ഊണു കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ വൎത്തമാനം കേട്ടപ്പോൾ രാമനിധി ഒന്നു സന്തോഷിച്ചു. അതേസമയംതന്നെ അയാൾ ലജ്ജിതനായി തലകുനിച്ചിരുന്നുപോയി. യോഗേശൻ സമാധാനംപറഞ്ഞു. "അവനെക്കൊണ്ടു് ഇപ്പോൾ എന്തിനാണു വിവാഹം ചെയ്യിപ്പിക്കുന്നതു്? അവനൊരു കുട്ടിയല്ലോ. പതിനാറോ പതിനേഴോ വയസ്സല്ലേ ആയിട്ടുള്ളു? എന്നുതന്നെയല്ല പറയത്തക്ക വല്ല വിദ്യാഭ്യാസവും അയാൾക്കുണ്ടോ?"

ചെറിയമ്മ "അതു സാരമില്ല. അവൻെറ കാൎയ്യത്തിൽ അതൊന്നും അത്ര വകവയ്ക്കാനില്ല. അവൻ നന്നേ ചെറുപ്പമാണു്, അതു സമ്മതിക്കാം. പക്ഷേ അതിനെന്താ, അവൻെറ പ്രായത്തിനുചേന്ന ഒരു പെൺകുട്ടിയെ കിട്ടും. പഠിത്തത്തിൻെറ കാൎയ്യം പറഞ്ഞാൽ അവനു് ഇനി അതൊന്നും ഉണ്ടാകുമെന്നു തോന്നുന്നില്ല. അതിൻെറ ആവശ്യമെന്തു്?

പണം സമ്പാദിക്കാനാണ് ആളുകൾക്കു വിദ്യാഭ്യാസം വേണ്ടതു്. ദൈവാധീനംകൊണ്ടു വേണ്ട പണം ഇപ്പോൾ അയാൾക്കുണ്ടു്. പണം സമ്പാദിക്കേണ്ട ആവശ്യം അയാൾക്കില്ല. എന്നുതന്നേയല്ല തൊഴിലില്ലാത്ത അനേകം മടിയന്മാരെ അയാൾ ഇനി പുലർത്തുകയും ചെയ്യും."

ചെറിയമ്മയുടെ ഈ ഒളിയമ്പുപ്രയോഗത്തിൽ യോഗേശനു ദേഷ്യംവന്നു. എങ്കിലും അയാൾക്കു വളരെ ഉൽകണ്ഠതോന്നി. ചെറിയമ്മ വാസ്തവത്തിൽ രാമനിധിയെക്കൊണ്ടു വിവാഹം ചെയ്യിക്കണമെന്നുദ്ദേശിച്ചിട്ടുണ്ടെങ്കിൽ തന്റെ കാര്യംകാണാൻ ഇനി അയാൾ ശ്രദ്ധിക്കണം. അയാളുടെ ചെറിയമ്മ ഈ മണ്ടന്റെ സ്വത്തുക്കളെ ഭൂതം നിധികാക്കുന്നപോലെ സൂക്ഷിക്കുകയാണ്. അതിനുംപുറമെ ഇനി ഒരു വധുക്കൂടി വന്നാൽ അവളുടെ പണത്തിന്റെ കാര്യം ശ്രദ്ധിക്കുന്നതിൽ ഉദാസീനത കാണിക്കുകയില്ല. രണ്ടുപേരുംകൂടിയായാൽ അയാളുടെ കാലം പിഴയ്ക്കും. അതുകൊണ്ടു പിടിപ്പില്ലാത്ത ഒരു പെണ്ണിനെ രാമനിധിയെകൊണ്ടു കല്യാണം കഴിപ്പിക്കാൻ നോക്കിയാലെ അയാൾക്കു രക്ഷയുള്ളു.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ യോഗേശൻ കൈയ്യിൽ ഒരെഴുത്തുമായി ചെറിയമ്മയെ സമീപിച്ചു. ആ വൃദ്ധ കലവറ മുറിയിൽ എന്തോ ബദ്ധപ്പെട്ടു് എടുക്കുകയായിരുന്നു. "എന്താ ജോലിത്തിരക്കാണോ? എനിക്കു് ഒരു കാര്യം പറയാനുണ്ടായിരുന്നു" എന്നു് അയാൾ പറഞ്ഞു.

ചെറിയമ്മ ജോലിചെയ്തുകൊണ്ടിരുന്നിടത്തുനിന്നുകൊണ്ടു തിരിഞ്ഞയാളേനോക്കി ഇപ്രകാരം സമാധാനംപറഞ്ഞു. "ഈ ജോലി ഇപ്പോൾതന്നെ തീർക്കണം. എന്താണ് വിശേഷം എന്നു് ഇപ്പോൾതന്നെ പറയരുതെ."

യോഗേശൻ "രാമനിധിയുടെ വിവാഹത്തെപ്പററി ഇന്നാൾ പറഞ്ഞുവല്ലോ. അനുവാദംതന്നാൽ ഞാൻ അതിനെപ്പററി ആലോചന നടത്താം. എന്റെ പരിചയത്തിൽതന്നെയുള്ളതാണ്. കാര്യം തരക്കേടില്ല." ചെറിയമ്മയ്ക്കു് അത്ര ഉത്സാഹമുള്ളപോലെ തോന്നിയില്ല. എങ്കിലും അവർ ചോദിച്ചു. പെൺകുട്ടി ഏതാണ്? അവരുടെ വീടെവിടെയാണ്?

യോഗേശൻ:— അധികം അകലെയല്ല. എന്റെ ഭാര്യവീട്ടുകാരുടെ ബന്ധുത്വത്തിൽപ്പെട്ടതാണ്. അധികം അകന്നതൊന്നുമല്ല. അടുത്തതാണു താനും. പെൺകുട്ടിയെ കണ്ടാൽ നന്നു്; പ്രായവും രാമനിധിക്കു ചേർന്നതാണ്. വീട്ടുകാര്യങ്ങളും മററും ശരിക്കു നടത്തുകയും ചെയ്യും. നല്ല സമർത്ഥയുമാണ്.

ഈ വിവരണംകൊണ്ടൊന്നും രാമനിധിയുടെ അമ്മായിയ്ക്കു കൂടുതൽ താല്പര്യം ജനിച്ചതായി കണ്ടില്ല. "പെണ്ണിന്റെ അച്ഛനെന്താണു് ജോലി? കാലക്ഷേപത്തിനുള്ള കൂട്ടത്തിലാണോ?" എന്നു് അവർ തിരക്കി. തന്റെ ആലോചനയെ അവർ ഇങ്ങനെ മനമില്ലാമനസ്സോടെ സ്വീകരിച്ചതിൽ യോഗേശനു സ്വല്പം മനസ്സു മടുത്തു.

യോഗേശൻ:— "കുട്ടിയുടെ അച്ഛൻ മരിച്ചു. അവൾക്കു് മാതാപിതാക്കന്മാരില്ല. എന്റെ ശ്വശ്രുവാണു് അവളെ വളർത്തിക്കൊണ്ടുവന്നതു്. പക്ഷെ പണത്തിന്റെ കാര്യത്തെപ്പററിയും മററും ക്ലേശിക്കുന്നതു് എന്തിനാണു്? രാമനിധിക്കു വേണ്ട പണമുണ്ടല്ലോ. ഒരു ശ്വശുരന്റെ ധനം അയാൾക്കു് ആവശ്യമില്ലല്ലോ."

ചെറിയമ്മ:— "അതു ശരിതന്നെ. എങ്കിലും വധുവിന്റെ ആളുകൾ കഞ്ഞിക്കരിയില്ലാത്തവരായിരിക്കരുതെന്നുണ്ടെനിക്കു്. അതുമല്ല, മാതാപിതാക്കന്മാരില്ലാത്ത ഒരു പെണ്ണിനെ അവനെക്കൊണ്ടു വിവാഹം ചെയ്യിക്കാൻ എനിക്കാഗ്രഹമില്ല. ശ്വശുരന്മാർ അവന്റെ കാര്യം അന്വേഷിക്കണം. അവന്റെ കാര്യംനോക്കാനുള്ള തന്റേടമോ സാമർത്ഥ്യമോ അവനില്ല. അവനേയും അവന്റെ സ്വത്തുക്കളേയും സംരക്ഷിച്ചുകൊണ്ടിരിക്കാൻ ഞാൻ എന്നും ഇങ്ങനെ ഇരിക്കുകയില്ല."

യോഗേശന്റെ മുഖം ചുളിഞ്ഞു. അയാൾ അവിടെനിന്നും വേഗത്തിൽ നിഷ്ക്രാന്തനായി. രാമനിധിയെക്കൊണ്ടു് ഈ പെൺകുട്ടിയെ വിവാഹം ചെയ്യിപ്പിച്ചാൽ അയാൾക്കു് പല മെച്ചങ്ങളുമുണ്ടു്. ശ്വശുരന്റെ ഗൃഹത്തിലുള്ളവൎക്കു് അയാളെപ്പററിയുള്ള മതിപ്പും വിലയും ഏറും. പെൺകുട്ടി അയാളോടു് എന്നും കടപ്പെട്ടവളും ആയിരിക്കും. അവൾ വളരെ ചെറുപ്പമാണു്. വലിയ ബുദ്ധിശക്തിയും മററും അവൾക്കില്ല. അതുകൊണ്ടു് അവളെ പാട്ടിൽ പിടിക്കാൻ വലിയ വിഷമമുണ്ടാകയില്ല. പക്ഷെ ചെറിയമ്മയുടെ മുഖത്തുണ്ടായ ഭാവം കൂടുതൽ ഗുണകരമായ ഫലം ലഭിക്കുമെന്നു പ്രതീക്ഷിക്കാൻ അയാളെ അനുവദിച്ചില്ല.

എന്നാൽ എളുപ്പത്തിൽ പരാജയപ്പെടുന്ന ഒരു പുള്ളിയല്ലായിരുന്നു യോഗേശൻ. ദിവസേന അയാൾ ഓരോ പുതിയ വധുവിന്റെ വിവരങ്ങളുമായി വീട്ടിലെത്തും. മനസ്സില്ലാത്ത അയാളുടെ ചെറിയമ്മയുമായി എന്നിട്ടു് ദീർഘനേരം ആലോചന നടത്തും. മാത്രമല്ല, രാമനിധിയുമായി നേരിട്ടു് ആലോചനകൾ തുടരുവാൻ അയാൾ ശ്രമിക്കുകയും ചെയ്തു. പക്ഷെ സ്വന്തം

ഗുണം കാണാൻപോലും കണ്ണില്ലാത്ത ഒരു മണ്ടനായിരുന്നു ആ കുട്ടി. അതുകൊണ്ട് ആരും അറിയാതെ ഒരു കാര്യം അയാളെക്കൊണ്ടു ചെയ്യിക്കാൻ ഒട്ടും സാദ്ധ്യമല്ലായിരുന്നു.

ഒരു ദിവസം ആ വൃദ്ധ രാമനിധിയുടെ മുറി തൂത്തുവാരാൻ പോയി കിടക്ക കുടഞ്ഞു നന്നാക്കിയിട്ടപ്പോൾ അതിൽനിന്നും മൂന്നു നാലു ഫോട്ടോകൾ തലയിണയുടെ ചുവട്ടിൽനിന്നും നിലത്തുവീണു. അതെല്ലാം ചെറിയ പെൺകിടാങ്ങളുടേതായിരുന്നു. സാമാന്യം നല്ല അഴകുള്ള പെൺകുട്ടികളുമായിരുന്നു അതു്.

യോഗേശൻ രാവിലെ സവാരിക്കിറങ്ങിയിരിക്കുകയായിരുന്നു. കാരണവത്തി രാമനിധിയെ വരുത്തി "ഇതെന്താണു്" എന്നു വളരെ ഗൌരവത്തിൽ ചോദിച്ചു.

"ഞാനെങ്ങിനെയറിയാനാണു്?" എന്നയാൾ വളരെ പരിഭവസ്വരത്തിൽ മറുപടി പറഞ്ഞു.

"നിനക്കു് അറിയാൻ പാടില്ലേ" എന്നു് അവർ വീണ്ടും ഒന്നുകൂടി കയർത്തു. "പിന്നെ ഇതാക്കറിയാമെന്നു പറ! ഇതെങ്ങിനെ ഇവിടെ വന്നു?"

"ചേട്ടൻ (യോഗേശൻ) കൊണ്ടുവന്നതന്നാതാണു്. ഇതിൽ ഏതനാണു് കൂടുതൽ സൌന്ദര്യമുള്ളതെന്നു പറയാൻ പറഞ്ഞു."

അമ്മായി പുഞ്ചിരി അടക്കിക്കൊണ്ടു് പടങ്ങൾ ഒരോന്നായി നോക്കിത്തുടങ്ങി. അവൾ വീണ്ടും ചോദിച്ചു. "ഏതാണു് കൂടുതൽ സൌന്ദര്യമുള്ളതെന്നു പറയാമൊ?"

രാമനിധി തല ശക്തിയായി ഒന്നു കുലുക്കി. ഒരുപ്രകാരത്തിൽ അയാൾ അവിടെനിന്നും രക്ഷപ്പെട്ടു. അമ്മായിഅമ്മ ആ പടമെല്ലാം എടുത്തുകൊണ്ടു് സ്വന്തം മുറിയിലേയ്ക്കു യാത്രതിരിച്ചു. യോഗേശൻ നിർദ്ദേശിക്കുന്ന പെൺകിടാങ്ങളെ രാമനിധിയെക്കൊണ്ടു വിവാഹംകഴിപ്പിക്കുവാൻ അവൾക്കു് ഇഷ്ടമായിരുന്നില്ല. പക്ഷെ അവൾ ഒററയ്ക്കുള്ള ഒരു വിധവ. ഇതിലും നന്നായിട്ടു വേറൊരു വിവാഹം ആലോചിച്ചു തീർച്ചയാക്കാൻ അവൾക്കു അതുകൊണ്ടു് വിഷമവുമുണ്ടു്. സഹായിക്കാൻ വേറെ ആരേയും കണ്ടതുമില്ല. ഈ നാലിൽ ഏതെങ്കിലും ഒന്നിനെ സാമാന്യം ഭേദമാണെങ്കിൽ സ്വീകരിച്ചാലൊ എന്നവർ ആലോചിച്ചു. അതിൽ ഒന്നുംതന്നെ തൃപ്തികരമായിരിക്കുകയില്ലെന്നു് അവൾക്കു ബോദ്ധ്യമാണു്. അല്ലെങ്കിൽ യോഗേശൻ അ

തിനെപ്പററി ആലോചിക്കുകയേ ചെയ്കയില്ലെന്നു് അവക്കറിയാം. നല്ല ആരോഗ്യമുള്ള ഒരു പെൺകുട്ടിയെ സ്വീകരിക്കുന്നതിനു് അവക്കു സമ്മതമായിരുന്നു. കൊള്ളരുതാത്ത കുടുംബത്തിലെ ഒരു പെൺകുട്ടി ആയിരിക്കരുതെന്നുമാത്രമെയുണ്ടായിരുന്നുള്ളു. മററുള്ളതെല്ലാം രാമനിധിയുടെ ഭാഗ്യംപോലെയേ വരുകയുള്ളു. പെൺകുട്ടികളുടെ പേരും മേൽവിലാസവും ആ പടങ്ങളുടെ പുറവശത്തുതന്നെ എഴുതിയിട്ടുണ്ടായിരുന്നു. അതുകൊണ്ടു് അവരെപ്പററി ഒരു പരിചയക്കാരിമുഖേന അന്വേഷണം നടത്താൻ തന്നെ അവർ തീരുമാനിച്ചു.

ധിറുതിയിൽ ഉച്ചക്കുള്ള ഊണുകഴിച്ചു് ആ ഫോട്ടോകളും എടുത്തുകൊണ്ടു് അവർ സ്നേഹിതയുടെ ഗൃഹത്തിലേയ്ക്കു തിരിച്ചു. ആ സ്നേഹിതയും ഒരു വിധവതന്നെയായിരുന്നു. ചന്ദ്രമുഖി എന്നായിരുന്നു ആ വിധവയുടെ പേർ. ചെങ്ങാതിയെ ചന്ദ്രമുഖി വളരെ ഹാർദ്ദമായി സ്വീകരിച്ചു. ആ ഫോട്ടോകൾ മേടിച്ചു് അവർ ഒന്നു ശ്രദ്ധിച്ചുനോക്കി. അതിനുശേഷം അവർ ഇങ്ങനെ പറഞ്ഞു. "നിങ്ങളുടെ സഹോദരൻെറ പുത്രനു് ഒരു വധുവിനെ വേണമെങ്കിൽ നിങ്ങളുടെപഴയ ചെങ്ങാതിയെത്തന്നെ ഒന്നു സഹായിക്കരുതെ. അതിനു പരിചയമില്ലാത്തവരെ തിരക്കിപ്പിടിക്കണമെന്നുണ്ടോ?"

രാമനിധിയുടെ അമ്മായി ഒന്നമ്പരന്നു. അവർ പറഞ്ഞു. "നിങ്ങൾക്കു് രണ്ടു ആൺമക്കൾ മാത്രമെയുള്ളു വെന്നല്ലേ ഞാൻ ധരിച്ചിരിക്കുന്നതു്. നിങ്ങൾക്കു് ഒരു മകൾകൂടിയുണ്ടോ?"

ചന്ദ്രമുഖി കൂട്ടുകാരിയെ കളിയായി ഒന്നു പിടിച്ചു തള്ളി. "എനിക്കു പെൺകുട്ടികളില്ലായിരിക്കാം. പക്ഷെ അതുകൊണ്ടു് എൻെറ കുടുംബത്തിൽ പെൺകുട്ടികൾ ഇല്ലെന്നാവുമോ? എൻെറ സഹോദരിയുടെ മകൾ സുശീലയെക്കണ്ടിട്ടില്ലെ."

"കൊള്ളാം. കണ്ടിട്ടില്ലേയെന്നോ? കൊച്ചുനാളിൽ കാണാൻ ഒരു നല്ല കൊച്ചായിരുന്നു. പക്ഷെ നിങ്ങൾ അവളെ രാമനിധിക്കു കല്യാണം കഴിച്ചു കൊടുക്കുമോ? അവനു് ഒരു പഠിത്തവുമില്ലെന്നറിയരുതെ."

ചന്ദ്രമുഖി:— "ഓ സാരമില്ല. അയാൾക്കു പഠിത്തമൊന്നുമില്ലായിരിക്കാം. പക്ഷേ ഒരു കുടുംബം പുലത്തുവാനുള്ള മുതൽ അയാൾക്കുണ്ടല്ലോ. എല്ലാം തികഞ്ഞു് ആളെ കിട്ടാൻ വിഷമമല്ലേ. എന്നുതന്നെയല്ല നമ്മുടെ കുറവുകൾ നമുക്കറിയരുതേ സാധുസഹോദരി. അവളുടെ ഭർത്താവു മരിച്ചു. സ്ത്രീധനം കൊടുപ്പാനുള്ള കെല്പൊന്നുമവൾക്കില്ല."

രാമനിധിയുടെ അമ്മായി മിണ്ടാതെ കുറെനേരം ഇരുന്നു. അതിനുശേഷം ഇങ്ങനെ തുടൎന്നു. "സാധുകുട്ടി. രക്ഷകൎത്താവില്ലാതെ കഴിയാനാണ് അവൻെറ വിധി. അവനുവന്ന വിവാഹാലോചനകളെല്ലാം അച്ഛനില്ലാത്ത പെൺകുട്ടികളുടേതാണ്. എങ്കിലും ഇതാണു വന്നിട്ടുള്ളതിലെക്ക നല്ല ആലോചന. പെൺകുട്ടിയെ എനിക്കറിയുകയും ചെയ്യാം. പോരെങ്കിൽ നിങ്ങളുടെ സഹോദരിയുടെ മകളുമാണല്ലോ. കൊച്ചൻെറ കാൎയ്യം നിങ്ങളും കുറേശ്ശെ അന്വേഷിക്കുമല്ലോ. നന്നാകൊച്ചായിരിക്കുമ്പോഠം ഒരിക്കൽ കണ്ടിട്ടുള്ളതാണവളെ. ഇപ്പോഠം എനിക്ക് ആ പെൺകുട്ടിയെ ഒന്നു കാണണം."

ചന്ദ്രമുഖി:— "അവഠം കൽക്കട്ടയിലാണ്. എപ്പോഠം വേണമെങ്കിലും നിങ്ങഠംക്ക് അവളെക്കാണാം. വരുന്ന ഞായറാഴ്ച ഉച്ചയ്ക്ക് ഊണു കഴിക്കാൻ രാമനിധിയും നിങ്ങളുംകൂടി ഇങ്ങോട്ടു പോരുന്നോക്കൂ. ഞങ്ങഠംക്കതിൽ വളരെ സന്തോഷമാണ്. സഹോദരിയോടും സുശീലയോടും ഇങ്ങോട്ടു വരാൻ ഞാൻ ആളയയ്ക്കാം. അപ്പോഠം നിങ്ങഠംക്ക് അവളെ കാണാമല്ലോ.

രാമനിധിയുടെ അമ്മായി:— "അതാണു നല്ലവഴി. ഞാൻ നേരത്തേ വന്നോക്കാം."

ഇത്രയും പറഞ്ഞു് അവഠം യാത്ര പറഞ്ഞു പിരിഞ്ഞു.

ഇത്തവണ ഒരു സാക്ഷാൽ വധുവിനെ തന്നെ തൻെറ കണ്ണുകൊണ്ടു കാണുന്നതിനു രാമനിധിക്കു സാധിച്ചു. ഇതു ഫോട്ടവും പടവും മററും ഒന്നുമല്ലായിരുന്നു. ചെറിയമ്മയോളം ബുദ്ധിമാനല്ല യോഗേശൻ എന്നു സമ്മതിച്ചേതീരൂ. കണ്ടപ്പോഠംതന്നെ ആ പെൺകിടാവിൽ രാമനിധി അനുരാഗബദ്ധനായി. ബംഗാളിലെ സാധാരണ തോതനുസരിച്ച് അതു് ഒരു നല്ല പെൺകുട്ടിയായിരുന്നു. നല്ല അഴകുള്ള മുഖം, നല്ല അഴകുള്ള ദേഹം, വിശാലവും വിശ്വാസദ്യോതകവുമായ കണ്ണുകഠം ഇതെല്ലാമുള്ള ഒരു പെൺകുട്ടിയായിരുന്നു അതു്.

അമ്മായിക്കും പെൺകുട്ടിയെ നന്നാ ബോധിച്ചു. എങ്കിലും അവർ പറഞ്ഞതിങ്ങനെയാണ്. "പെണ്ണു് അവൻെറ പ്രായത്തിനു കുറച്ചു വലുതായിപ്പോയി. കുറച്ചുകൂടി ചെറുതായ പെണ്ണായിരുന്നുവെങ്കിൽ വേണ്ടില്ലായിരുന്നു." ചന്ദ്രമുഖി. "അതെ ചങ്ങാതി പറഞ്ഞതു വാസ്തവമാണ്. പക്ഷെ ഈ ഒരു കാൎയ്യം പറഞ്ഞു് ഈ സാധുപെൺകുട്ടിയെ ഉപേക്ഷിക്ക

രുള്. അവൾ നല്ല ഒരു പെൺകിടാവാണ്. നിങ്ങളുടെ വീട്ടിൽവന്നു കയറിയാൽ ഉടനെതന്നെ ഈ പറഞ്ഞതു് വാസ്തവമാണെന്നു മനസ്സിലാകും. തീരെ കൊച്ചായാൽ പെണ്ണു കിടന്നു കരഞ്ഞും മററും നിങ്ങളെ വിഷമിപ്പിക്കും. എന്തുഇജാലി എടുക്കാനും നിങ്ങളെ അവൾ സഹായിക്കും. വീട്ടുജോലികളെല്ലാം അവൾക്കറിയാം. എല്ലാക്കൂട്ടവും നല്ലപോലെ ചെയ്യുകയും ചെയ്യും."

അങ്ങനെ വധുവിൻെറ വല്യമ്മയും വരൻെറ അമ്മായിയുംകൂടി കല്യാണം നിശ്ചയിച്ചു. ഏൎപ്പാടുകളെല്ലാം രാമനിധിക്കു വളരെ തൃപ്തിയായ മാതിരി തോന്നി.

ഈ വൎത്തമാനം കേട്ടപ്പോൾ യോഗേശനു കലികൊണ്ടു. ഓടി കൊച്ചമ്മയുടെ അടുത്തെത്തി അയാൾ ഇങ്ങനെ അലറി. "കൈക്കെഴിഞ്ഞു ഇപ്പോൾ ഒരു തന്തയില്ലാത്ത പെണ്ണിനെയാണു കൊണ്ടുവരുന്നതു് അല്ലേ? പിന്നെയെന്തിനാണു ഞാൻ കൊണ്ടുവന്ന ആലോചന ഉപേക്ഷിച്ചതു്? ഞാൻ കൊണ്ടുവന്ന കാരണം അതു് ഒന്നു കേൾക്കാൻപോലും നിങ്ങൾക്കു സന്മനസ്സുണ്ടായില്ല."

ഇത്രത്തോളം ബഹളമുണ്ടാക്കാൻ ഉള്ള കാരണം ആ വൃദ്ധയ്ക്കു നല്ലപോലെ അറിയാമായിരുന്നു. കാൎയ്യമെല്ലാം അങ്ങു വിളിച്ചു പറയാൻ അവൾക്കു തോന്നി. എങ്കിലും ഒന്നു് ഒതുക്കി ഇങ്ങനെ പറഞ്ഞു. "ഈ വിവാഹം കൂടുതൽ നല്ലതാണെന്നു് എനിക്കു തോന്നി. അതാണു ഞാൻ ഇതു സ്വീകരിച്ചതു്. അച്ഛനില്ലാത്തതാണെങ്കിലും ആ കുട്ടിയെ എനിക്കു കൊച്ചുന്നാളിലേ അറിയാം. അവൾ വളരെ നല്ല ഒരു പെൺകുട്ടിയാണെന്നും എനിക്കറിയാം."

യോഗേശനു പറയാൻ കുറെ അധികമുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ പറഞ്ഞതുകൊണ്ടു് ഫലമില്ലെന്നു് അയാൾക്കു മനസ്സിലായി. കല്യാണം തീൎച്ചപ്പെടുത്തിപ്പോയ കാൎയ്യമാണു്. അതു നടത്താതിരിക്കാൻ തന്നെക്കൊണ്ടു് ഒരിക്കലും സാദ്ധ്യമല്ല. എന്തെങ്കിലും കുഴപ്പമുണ്ടാക്കാനും തന്നെക്കൊണ്ടു കഴിവില്ല. സ്ത്രീധനത്തിൻെറ കാൎയ്യമേയില്ല. അതുകൊണ്ടു് അതു കിട്ടിയിട്ടില്ലെന്നുപറഞ്ഞു് വഴക്കുണ്ടാക്കാൻ സാദ്ധ്യമല്ല. ഹിന്ദുക്കളുടെ വിവാഹത്തിൽ കുഴപ്പമുണ്ടാക്കാൻ ഫലപ്രദമായ ഒരു കാരണം അതാണുതാനും. വധുവിൻെറ ആളുകൾ ചിലപ്പോൾ വല്ല സമ്മാനവും കൊടുത്തു എന്നുവരാം. അതില്ലെന്നുംവരാം. അക്കാൎയ്യം മുഴുവനും അവരെ ആശ്രയിച്ചിരിക്കുകയാണു്. ചെറിയമ്മയ്ക്കു വധുവിൻെറ ആളുകളെ നല്ല

പോലെ അറിയാം. അതുകൊണ്ട് അവരെ സംബന്ധിച്ച് എന്തെങ്കിലും വ്യാജം പറഞ്ഞു പരത്തിയതുകൊണ്ടും വിവാഹം നടക്കാതെ വരുകയില്ല. പല മാർഗ്ഗങ്ങളും അയാളുടെ തലച്ചോറിൽ സ്ഥാനംപിടിച്ചു. പക്ഷേ അതെല്ലാം ഉപയോഗശൂന്യമെന്ന് അയാൾ ഉപേക്ഷിച്ചു. കല്യാണത്തിൻ നിശ്ചയിച്ച ദിവസം ക്രമേണ അടുത്തു.

# ലുക്മാൻെറ ചില ഉപദേശങ്ങൾ

(പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി)

പെർഷ്യാരാജ്യത്തെ പ്രസിദ്ധവൈദ്യനായിരുന്ന 'ലുക്മാൻ.' അദ്ദേഹം വലിയ ബുദ്ധിമാനും ആയിരുന്നു. ഉപദേശപരങ്ങളായ അനവധി കഥകൾ അദ്ദേഹം നിർമ്മിച്ചിട്ടുണ്ട്. ലോകത്തിലെങ്ങും ആ കഥകൾ ആദരിക്കപ്പെട്ടുവരുന്നു. അദ്ദേഹം തൻെറ പുത്രനു നൽകിയതായിട്ട് അനവധി അമൂല്യോപദേശങ്ങൾ ഉണ്ട്. അവയിൽ ചിലതാണ് ചുവടേ ചേർക്കുന്നതു്:—

1. അല്ലയോ കുഞ്ഞേ! ഈശ്വരനെ സർവ്വശ്രേഷ്ഠനായിക്കരുതുക.
2. പഠിപ്പിച്ചിട്ടുള്ളതുപോലെ പ്രവർത്തിക്കുക.
3. തൻെറ യോഗ്യതയ്ക്കൊത്തവണ്ണം കാര്യം നടത്തുക.
4. മനുഷ്യരെ മാനിക്കുക.
5. എല്ലാ ജനങ്ങളുടേയും അധികാരം തിരിച്ചറിയുക.
6. ദുഃഖത്തിൽ സ്നേഹിതന്മാരെ പരീക്ഷിക്കുക.
7. സമർത്ഥനും വിദ്വാനുമായിട്ടുള്ളവനെ ബന്ധുവായി തിരഞ്ഞെടുക്കുക.
8. നല്ലകാര്യത്തിൽ പ്രയത്നിക്കുക.
9. ബുദ്ധിമാന്മാരുടെ അഭിപ്രായം ഗ്രഹിക്കുക.
10. സ്നേഹിതന്മാരോടുള്ള സ്നേഹത്തെ രക്ഷിക്കുക.
11. മാതാപിതാക്കന്മാരെ മാനിക്കുക.
12. ഗുരുവിനെ പിതാവിനോടൊപ്പം കരുതുക.

13. തൻെറ ആദായം അനുസരിച്ചു ചെലവുചെയ്യുക.
14. മിതമായ ആഹാരം, മിതമായ ഉറക്കം, മിതമായ സംഭാഷണം ഇവ ശീലിക്കുക.
15. തനിക്കിഷ്ടമല്ലാത്തതു് അന്യൎക്കും ഇഷ്ടമാക്കാതിരിക്കുക.
16. ആലോചിയ്ക്കാതെ ഒരു കാൎയ്യത്തിലും ഉൾപ്പെടാതിരിക്കുക.
17. ഇന്നത്തേയ്ക്കുള്ള കാൎയ്യം നാളത്തേയ്ക്കു നീക്കാതിരിക്കുക.
18. തന്നേക്കാൾ വലിയവരുമായി വിനോദിക്കാതിരിക്കുക.
19. ആരോടുകൂടിയും അത്യധികം ഇടപെടാതിരിക്കുക.
20. വായ്ക്കകത്തു വിരലിടാതിരിക്കുക.
21. കോട്ടുവായിടുമ്പോൾ കൈകൊണ്ടു വായ് മറയ്ക്കുക.
22. മഹാജനങ്ങളുടെ മുമ്പിൽ മടി കാണിയ്ക്കാതിരിക്കുക.
23. മൂക്കിൽ വിരലിടാതിരിക്കുക.
24. ജനങ്ങളുടെമുമ്പിൽവച്ചു് ആരേയും ലജ്ജിപ്പിക്കാതിരിക്കുക.
25. പറഞ്ഞ കാൎയ്യം വീണ്ടും പറയാതിരിക്കുക.
26. തൻേറയും, തൻെറ ബന്ധുക്കളുടേയും പ്രശംസ, ആരുടെ മുമ്പിലും ചെയ്യരുതു്.
27. ഭാഷയിൽ സ്വാധീനത വച്ചുകൊണ്ടിരിക്കുക.
28. എല്ലാവരുടെ ആദരവിലും ശ്രദ്ധവയ്ക്കുക.
29. ക്രോധം വരുമ്പോൾ ആലോചിച്ചു കാൎയ്യം പറയുക.
30. ഷർട്ടിൻെറയോ കോട്ടിൻേറയോ അററംകൊണ്ടു് മൂക്കു തുടക്കാതിരിക്കുക.
31. ഉദയാൽപരം ഉറങ്ങാതിരിക്കുക.
32. വലിയവരുടെ മുമ്പിൽ കേറി നടക്കാതിരിക്കുക.
33. പറഞ്ഞുകൊണ്ടിരിക്കുന്നതിൻെറ ഇടയ്ക്കുകയറിപ്പറയാതിരിക്കുക.
34. അതിഥികളുടെ മുമ്പിൽവച്ചു് ആരോടും കോപിക്കാതിരിക്കുക.
35. 'രസികക്കുഴമ്പനും' അഹങ്കാരിയും ആയിത്തീരാതിരിക്കുക.
36. വഴക്കിലും ലഹളയിലുംനിന്നു് അകന്നുനിൽക്കുക.
37. സൽസ്വഭാവം ശീലിക്കുക.
38. ഇന്ദ്രിയങ്ങളെ കീഴമത്തി വയ്ക്കുക.
39. കുഞ്ഞുങ്ങളോടു കരുണ കാണിക്കുക.
40. ഭിക്ഷുക്കൾക്കു ദാനം ചെയ്യുക.

41. ബന്ധുക്കൾക്കു ഗുണം ചെയ്യുക.

42. ആരുടേയും ധനത്തിൽ കൊതിക്കാതിരിക്കുക, എന്തെങ്കിലും കിട്ടുന്നതു് സൂക്ഷിച്ചുവയ്ക്കുക.

വിധി—നിഷേധരൂപങ്ങളായ ഈ ഉപദേശങ്ങൾ കാലദേശാദി ഭേദമെന്യേ ആദരണീയങ്ങളാണെന്നുള്ളതിനു സംശയമില്ലല്ലൊ. ഇവയിൽ ഏറിയകൂറും നമ്മുടെ സ്മൃതികളിലും, നീതിശാസ്ത്രങ്ങളിലും അർത്ഥശാസ്ത്രങ്ങളിലും മററും അന്തർഭവിച്ചിരിക്കുന്നവയും ആകുന്നു. ഇപ്രകാരമുള്ള വിശിഷ്ടതത്വങ്ങൾ ഓരോ രാജ്യത്തും, ഓരോ ഭാഷയിലും പ്രായേണ കാണപ്പെട്ടുന്നതുമാണ്. ഈ വസ്തുതയിൽനിന്ന് ലോകത്തിലെ നിത്യതത്വങ്ങൾ പൊതുവെ ആരുടേയും സ്വന്തം സ്വത്തല്ലെന്നും, സർവ്വജനീനങ്ങളും, സർവ്വദേശീയങ്ങളും, സാർവ്വകാലികങ്ങളും, സർവ്വാദരണീയങ്ങളും ആണെന്നും സമർത്ഥിക്കപ്പെട്ടുവാൻ കഴിയും. ഇവയുടെ താരതമ്യപഠനം, വിഭിന്നജനതതിക്ക് ഐക്യവും അന്യോന്യസൌഹാർദ്ദവും സംസ്കാരബഹുമാനവും സിദ്ധിക്കുന്നതിനും പ്രയോജനപ്പെടാതിരിക്കുകയില്ല. അതു് ഇന്നത്തെ ഇൻഡ്യയുടെ ഒരു ഒഴിച്ചുകൂടാത്ത അത്യാവശ്യവുമാണല്ലോ.

## ജീവന്മുക്തി

(പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി)

I

ചെയമുണ്ടു പയമില്ലെമനമേ! ഇന്ത
ചെന്മത്തിലേ വിട്ടതലൈയുണ്ടു നിലൈയുണ്ടു.
(ചെയമുണ്ടു.)
പുയനുണ്ടു പകതിയിനാലേ—നെഞ്ചിൽ
പതിവുററ കലചകതിചരനുണ്ടു പകൈ ഇല്ലൈ.

II

പുയനുണ്ടു കുൻറത്തൈപോലെ—ചക്തി-
പാർപ്പതമുണ്ടതന്മേലേ

നിയമമെല്ലാം ചക്തിനിനവൻറിഷിരിതില്ലെ-
നെറിയുണ്ടു കുറിയുണ്ടു കുലചക്തിവെറിയുണ്ടു
(ചെയമുണ്ടു.)

III

മതിയുണ്ടു ചെൽവങ്കൾ ചേക്കും—തെവ-
വലിയുണ്ടു തീമയൈപ്പോക്കും
വീതിയുണ്ടു തൊഴിലുക്കുവിളൈയുണ്ടു കുറൈവില്ലെ
വിചനപ്പൊയ്ക്കടലുക്കു കുമരൻകൈ കണയുണ്ടു.
(ചെയമുണ്ടു.)

IV

അലൈപട്ട കടലുക്കുമലൈ—ചക്തി
അരുളെന്നും തോണിയിനാലെ
തൊലൈയേററി കരൈയേററു തുരയററു വിട്ടപട്ടു
തുണിവുററ കുലചക്തി ചരണത്തിൽ മുടിതൊട്ടു.
ചെയമുണ്ടു പയമില്ലെ മനമേ! ഇന്ത
ചെമ്മത്തിലേ വിട്ടതലൈയുണ്ടു നിലൈയുണ്ടു!

ആധുനിക തമിഴ്സാഹിത്യത്തിലെ അതിപ്രസിദ്ധനും അപ്രതിരഥനും ആയ മഹാകവിയായിരുന്നു അടുത്തകാലത്തു ദിവംഗതനായ 'സുബ്രഹ്മണ്യഭാരതി'. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ തമിഴർ അദ്ദേഹത്തെ വേണ്ടപോലെ മാനിച്ചില്ല. അതിനു കാരണം മിക്കവാറും അദ്ദേഹത്തിൻെറ സ്വഭാവവിശേഷംതന്നെയായിരുന്നു. അദ്ദേഹം ഏറക്കുറെ ഒരത്യാശ്രമിയുടെ (അതിവർണ്ണാശ്രമിയുടെ) നിലയിലാണു് ജീവിച്ചിരുന്നതു്. യാതൊരുതരത്തിലുള്ള വിധിനിഷേധങ്ങളേയും അദ്ദേഹം വകവെച്ചിരുന്നില്ല. പോരെങ്കിൽ, വലിയൊരു ശക്ത്യുപാസകനുമായിരുന്നു. അതുകൊണ്ടു് അദ്ദേഹം ഒരു ധൂർത്തപ്രായനായിട്ടുപോലും ഗണിക്കപ്പെട്ടുപോന്നു. അങ്ങനെ ദാരിദ്ര്യദൈന്യങ്ങളുടെ മദ്ധ്യത്തിനിടപെട്ടു് അകാലദേഹവിയോഗത്തിനും ഇടയായി. പിന്നീടാണു തമിഴർ അദ്ദേഹത്തിൻെറ മാഹാത്മ്യം ശരിയ്ക്കറിയാൻ തുടങ്ങിയതു്. ഇപ്പോൾ അദ്ദേഹത്തെ ആധുനിക തമിഴ്സാഹിത്യത്തിൻെറ അഭിമാനസ്തംഭമായിത്തന്നെ ഗണിച്ചുവരുന്നു. അദ്ദേഹത്തിൻെറ സ്മാരകങ്ങൾ ഏർപ്പെടുത്തുകയും, അദ്ദേഹത്തിൻെറ കൃതികളെ അന്യഭാഷകളിലേയ്ക്കു തർജ്ജിമചെയ്യുകകൂടിയും ചെയ്തുവരുന്നു. വിലയും, നിലയും, സ്ഥാനവും, മാനവും ഉള്ളവർ അദ്ദേഹത്തെ അത്യന്തം പുകഴ്ത്തിപ്പാടുന്നു. ബങ്കാളികൾ രവീന്ദ്രനാഥനേയും, ഹിന്ദിഭാഷക്കാർ മൈഥിലീശരണഗുപ്തനേയും എങ്ങനെ മാനിക്കുന്നുവോ, അങ്ങനെയാണു് ഇപ്പോൾ ശ്രീസുബ്രഹ്മണ്യഭാരതിയെ തമിഴർ മാനിച്ചുവരുന്നതു്. കവിതകൾ മാത്രമല്ല, കഥ

കൾ, ഉപന്യാസങ്ങൾ തുടങ്ങി എല്ലാത്തരം സാഹിത്യസൃഷ്ടികളും ശ്രീസുബ്രഹ്മണ്യഭാരതിയുടെ വകയായിട്ടുണ്ട്. അതിലോരോന്നിലും അഭിനവത്വത്തിൻെറ അന്യാദൃശാനുഗ്രഹം കളിയാടുന്നുമുണ്ട്. രാഷ്ട്രീയതയും സ്വാതന്ത്ര്യവും എല്ലാകൃതികളിലും ഉദ്ബുദ്ധമായിക്കാണാം. മധുരമനോഹരവും സരളോദാഹരണവുമാണ് ഏതുകൃതിയിലേയും ഭാഷാരീതി. ആശയങ്ങളെല്ലാം അതിവിശിഷ്ടങ്ങളും അഭിരാമതമങ്ങളും ആണ്. "സഫലമായ കല്പനാശക്തി, ഐക്യസാധകമായ ദേശാഭിമാനം, അതിവിശാലമായ ധർമ്മജ്ഞാനം, അദുഃഖദായിയായ ഹാസ്യരസം—എന്നിതെല്ലാം ശ്രീഭാരതിയുടെ ഈ കൃതിയിൽ സമ്മേളിച്ചിരിക്കുന്നു"—എന്നാണു പ്രധാനമന്ത്രി ശ്രീരാജഗോപാലാചാരി, 'ഭാരതി'യുടെ ഒരു കൃതിയേപ്പററി അഭിപ്രായപ്പെട്ടുകാണുന്നതു്. സത്യാഗ്രഹകവിതകളെഴുതി പ്രസിദ്ധിനേടിയിരിക്കുന്ന രാമലിംഗംപിള്ള മുതലായ ആധുനികകവികളെല്ലാം, ശ്രീസുബ്രഹ്മണ്യഭാരതിയുടെ വളരെ വളരെച്ചുവടിൽ മാത്രമാണു സ്ഥിതിചെയ്യുന്നതെന്ന്, പ്രൊഫസർ രാമയ്യർ അഭിപ്രായപ്പെട്ടിരിക്കുന്നു. താദൃശമഹാകവിയായ സുബ്രഹ്മണ്യഭാരതിയുടെ അതിപ്രസിദ്ധമായ ഒരു ചെറുകൃതിയാണ്, ഇവിടെ ആദ്യമേ ചേത്തിരിക്കുന്നതു്. സഹോദരസാഹിത്യത്തിൻെറ നിലവാരം എന്താണെന്ന് ഏതാണ്ടൊന്നറിയുവാൻ ഏതു മലയാളിക്കും ഇതുപയോഗപ്പെട്ടുമെന്നു കരുതി ഇവിടെ എടുത്തു ചേത്തിരിക്കയാണ്. അതായതു്—ആധുനിക തമിഴ്സാഹിത്യത്തിലെ അഗ്രഗണനീയനായ മഹാകവിയുടെ അതിപ്രധാനമായ ഒരു കവിതയാണിതു്. നമ്മുടെ—മലയാളസാഹിത്യത്തിലേ—ഏതെങ്കിലും വിശിഷ്ടകൃതിയോടു് ഇതിനെ താരതമ്യപ്പെടുത്തിപ്പഠിച്ചു നിലവാരം നിണ്ണയിക്കാം.

കൃതിയുടെ അത്ഥമാവിതു്:—

1. അല്ലയോ മനസ്സേ! ജയം നിശ്ചയമായും ഉണ്ടു്; ഭയം വേണ്ടതന്നെ. ഈ ജന്മത്തിൽത്തന്നെ മുക്തിയുണ്ടു്; അതിനു സ്ഥിരതയുമുണ്ടു്. ഭക്തികൊണ്ടു ഫലമുണ്ടാകും. ഹൃദയാന്തർഭാഗത്തു് ഉറച്ചുനില്ക്കുന്ന കുലശക്തി ശരണമായിരിക്കും—യാതൊരു വിരുദ്ധതയും ഉണ്ടാവുകയില്ല.

2. പവ്വതപ്രായത്തിൽ ഭൂജങ്ങൾ കിടക്കുന്നുണ്ടു്; ശക്തിയുടെ സുവണ്ണചരണങ്ങൾ അവയിലുണ്ടുതാനും. സവ്വനിയമങ്ങളും ശക്തിയുടെ സങ്കല്പങ്ങൾ മാത്രമാണ്. അല്ലാതൊന്നുമില്ല. നെറിയും കുറിയും മാത്രമല്ല, ആ കുലശക്തിയുടെ പ്രോത്സാഹനവും നമുക്കുണ്ടല്ലോ.

3. ഐശ്വര്യത്തെ പ്രദാനംചെയ്യുന്നതായ ബുദ്ധി നമ്മൾക്കുണ്ടു്; തിന്മകളെ ആട്ടിപ്പുറത്താക്കുന്നതായ ദൈവബലവുമുണ്ടു്; പ്രവൃത്തികൾക്കുള്ള ഒരു വിധിയുണ്ടു്; അവയ്ക്കു ഫലവുമുണ്ടു്; ഒന്നിനും കുറവുമില്ല. ദുഃഖ

രൂപമായ മിഥ്യാസമുദ്രത്തെ കടക്കുവാൻ ഭഗവാൻെറ കൈ തുണയായിട്ടുമുണ്ടല്ലോ.

4. തിരതല്ലിക്കൊണ്ടിരിക്കുന്ന മഹാസമുദ്രത്തിൽ, പരാശക്തിയുടെ കരുണയാകുന്ന തോണിയുടെ സഹായത്താൽ, കഷ്ടതകളെ എല്ലാം സഹിച്ചു പിന്നീട്ട് അക്കരെച്ചെന്നു ചേരാം. ആപത്തുകളിൽനിന്നെല്ലാം മോചനം നേടി, ആനന്ദമയിയായിരിക്കുന്ന കുലശക്തിയുടെ ചരണകമലങ്ങളിൽ തലകുനിക്കുകയും ചെയ്യാം........ ഹേ മനമേ! ജയം നിശ്ചയം. ഭയംവേണ്ട......

ആദ്ധ്യാത്മികമായും രാഷ്ട്രീയമായും ഇതിന്നർത്ഥം കണ്ടുകൊണ്ടാണ്, തമിഴരായ കലാകുതുകികൾ ഇതിനേ അത്യധികം മാനിക്കുന്നതു്. ഇതുപോലെയോ, ഇതിനെ അതിശയിക്കുന്നതോ ആയ ചെറുകൃതികൾ—ഗാനങ്ങൾ—മഹാകവികളുടെ മാത്രമല്ല, കവികളുടെവകയായിത്തന്നെ വേണ്ടുവോളമുണ്ട് മലയാളസാഹിത്യത്തിൽ എന്നുള്ളതു നമുക്കു നല്ലവണ്ണം അറിയാമല്ലോ. അവയേ തിരഞ്ഞെടുത്തു താരതമ്യം ചെയ്യുന്ന ഭാരം സഹൃദയന്മാർതന്നെ വഹിക്കട്ടെ!

# രണ്ടു് ശാകുന്തളങ്ങൾ

രണ്ടാമങ്കം.

(പി. ആർ. നീലകണ്ഠൻനായർ)

"സ്നിഗ്ദ്ധംവീക്ഷിതമന്യതോപിനയനെയൽപ്രേഷയന്ത്യാതയാ"
"മറെറങ്ങോ മിഴിനീട്ടിട്ടുമ്പോളവൾ സസ്നേഹംനിരീക്ഷിച്ചതും."
"മറെറാരോന്നവൾ നോക്കീടുന്നവഴിതാൻ സ്നേഹത്തൊടീക്ഷിച്ചതും"

ആദ്യമായി കാണുന്ന മൂലത്തിനുള്ള രണ്ടു തർജ്ജിമകളാണു് അടിയിൽ കൊടുത്തിരിക്കുന്നതു്. "മിഴിനീട്ടുക" എന്ന പ്രയോഗം നന്നായി എന്നു തോന്നുന്നില്ല. പ്രേഷയൻ ശബ്ദത്തിനുള്ള ശക്തിമുഴുവൻ കിട്ടാനുള്ള ശ്രമത്തിലാണീ അബദ്ധം പററിയതു്. "മറേറാരോന്നവൾ നോക്കീടുമ്പോൾ" ഇവിടെ അർത്ഥബോധത്തിനു് ഒരു ക്ലേശവുമില്ല. അപൂർവ്വരീതിയിലുള്ള പദപ്രയോഗവുമില്ല.

"യാതംയച്ഛനിതംബയോർഗ്ഗുരുതയാമന്ദംവിലാസാദിവ"
"മുററുംശ്രോണിഭരാൽ സലീലവടിവായ് മെല്ലെന്നുപൊയ്ക്കൊണ്ടതും"
"മുററുംശ്രോണിഭരാൽ വിലാസമതുപോൽ മന്ദാനടനൊന്നതും"

വിലാസശബ്ദത്തിനു സാഭിപ്രായവ്യഞ്ജകചേഷ്ടാവിശേഷം എന്ന അൎത്ഥം സലീലം എന്നു പ്രയോഗിച്ചാൽ കിട്ടുമോ? മന്ദംയാതം-മെല്ലെന്നുപൊയ്ക്കൊണ്ടതു-മന്ദം നടനൊന്നതു്. നടക്കുന്നതിലാണു മാന്ദ്യമവലംബിച്ചിരിക്കുന്നതു്; പോയതിലല്ല. യാതശബ്ദത്തിനു നടക്കുകതന്നെയാണുചിതം. വിലാസശബ്ദത്തിൻെറ അൎത്ഥശക്തിയോൎത്തിട്ടായിരിക്കാമതു മാറാതെ കഴിച്ചുകൂട്ടിയതു്.

അനവരതധനുർജ്ജ്യാസ്ഫാലനക്രൂരപൂൎവ്വം
രവികിരണസഹിഷ്ണുസ്വേദലേശൈരഭിന്നം
അപചിതമപിഗാത്രം വ്യായതത്വാദലക്ഷ്യം
ഗിരിചരഇവനാഗഃ പ്രാണസാരംബിഭൎത്തി.

വില്ലിൻഞാണിളവററടിക്കുകവശാൽ കൈത്തണ്ടുകട്ടിത്തമാ
ൎന്നുള്ളൊന്നായ്,വെയിലത്തുവാട്ടമിയലില്ലേശാവിയപ്പേതുമേ
പൊണ്ണെയ്യോട്ടു ചടച്ചിരിക്കിലുമതസ്പഷ്ടംലഘുത്വേതാദയാൽ
ഇമ്മട്ടായ്മലയാനപോലെവിലസീടുന്നു ബലപ്രൗഢിയാൽ.

തിരുവുടലിതജസ്രം വില്ലുലച്ചുഗ്രപൂൎവ്വം
പൊരിവെയിലുസഹിപ്പു സ്വേദലേശംപടാതെ.
മെലിയുകിലുമതേതും തോന്നിടാലാഘവത്താൽ
ഗിരിചരഗജഗാത്രംപോലിതു പ്രാണസാരം.

ഗിരിചരനായ നാഗത്തിൻെറ ഗാത്രം എന്നപോലെ ഇതു ബലിഷ്ഠമായിരിക്കുന്നു. ഗിരിചരനായ നാഗത്തിനു മലയാന എന്നു തർജ്ജിമചെയ്താൽ മൂലാൎത്ഥത്തെ തേജോവധംചെയ്ത പാപം അനുഭവിക്കേണ്ടിവരികയില്ലെ. ആ വിശേഷണം രാജപക്ഷത്തിലും ചേൎക്കുവാൻ ഈ അവസരം ഉചിതമല്ലെ? "അപചിതമപിഗാത്രം" "പൊണ്ണെയ്യോട്ടു ചടച്ചിരിക്കിലും" ഗാത്രശബ്ദം ആനയ്ക്കും ചേരണമെന്ന ഉദ്ദേശം പൊണ്ണെയ്യാക്കി വിഫലീകരിച്ചു. 'വെയിലത്തു വാട്ടമിയലില്ല, വിയപ്പു് എതുമേ എൄശാ' ലേശംപോലും വിയക്കാതെ വെയിൽ സഹിപ്പാൻ ശക്തമാണു് എന്നല്ലേ മൂലത്തിൻെറ അർത്ഥം. വെയിലത്തു വാട്ടകയുമില്ല, വിയക്കയുമില്ല എന്നാകുമ്പോൾ സഹിഷ്ണു എന്നതിനു വാടാത്തതു് എന്നല്ലെ അൎത്ഥം? "ക്രൂരപൂൎവ്വം" എന്നതിനു "കൈത്തണ്ടുകട്ടിത്തമാൎന്നുള്ളൊന്നായി." എന്തു പ്രയാസം കഴിച്ചാണിങ്ങനെ തൎജ്ജിമ ചെയ്തതു്? എന്നിട്ടോ ഉപമാനപക്ഷത്തിലൊട്ടു യോജിക്കയുമില്ല. ഉപമാനോപമേയങ്ങളിൽ ഒന്നുപോലെ ചേരണമെന്ന ഉദ്ദേശത്തോടെ "ധ

നഃ" എന്ന ശബ്ദംകൂടി പ്രയോഗിച്ചിരിക്കുന്നതു നോക്കുക. 'ധന്വഃ' എന്ന പദത്തിന് ഒരു വൃക്ഷവിശേഷമെന്നുകൂടി അർത്ഥമുണ്ട്. പ്രിയാളവൃക്ഷത്തെ വലിച്ചിഴച്ചു കൊണ്ടുവന്നതു രാഘവഭട്ടൻ വളരെ ക്ലേശിച്ചിട്ടാണെന്നാണു മാരാരുശിരോമണിയുടെ പക്ഷം. കാളിദാസൻ തന്നെ ഈ ശ്ലോകം അല്പം ക്ലേശിച്ചാണു രചിച്ചിട്ടുള്ളതു്. എന്നാൽ വള്ളത്തോളു വളയംകൂടാതെ ചാടിയിരിക്കുന്നു എന്നു പറയാതിരുന്നതു ഭാഗ്യം. "ഉഗ്രപൂർവ്വം" "പ്രാണസാരം" എന്നിവയെ കൈയേററം ചെയ്യാതിരുന്ന സ്ഥിതിക്കു ധന്വശബ്ദവുംകൂടി സ്വീകരിക്കാമായിരുന്നു. "പേടലിതു പ്രാണസാരം" ഇവിടെ ചെവിക്കു അല്പം സുഖം പോരാതെ വന്നിട്ടുണ്ടു്.

ഇനി എനിക്കു് ഒരപേക്ഷയുണ്ടു്. മാന്യവായനക്കാരെ, നിങ്ങളൊന്നുകൂടി സി. എസ്സിന്റെ അവതാരികയിലേക്കു വരണം. "നേത്ത ഇരിമ്പുകമ്പിയിൽക്കൂടി ചവിട്ടുവണ്ടി ഓടിക്കുന്നതുപോലെ"യാണു വൃത്താനുവൃത്തം തർജ്ജിമ ചെയ്യുന്നതെന്നു പറഞ്ഞിട്ടു് ആ കർമ്മത്തിൽ "വള്ളത്തോളിനു വിസ്മയകരമായ വിജയമാണു സിദ്ധിച്ചിട്ടുള്ളതു്" എന്നു സാധിക്കുന്നു. "സൂക്ഷ്മജ്ഞനായ വള്ളത്തോൾ മൂലശ്ലോകങ്ങളെ നിവൃത്തിയുള്ളിടത്തോളം വൃത്താനുവൃത്തമായിത്തന്നെ വിവർത്തനം ചെയ്വാൻ ശ്രമിച്ചിട്ടുണ്ടെന്നു" ഒരഭയസ്ഥാനവും കല്പിച്ചിട്ടുണ്ടു്. പ്രകൃതശ്ലോകത്തെ വള്ളത്തോൾ "അടിച്ചുപരത്തിയിട്ടും മൂലാർത്ഥത്തിന്റെ നേരിയ ഒരു ഛായ മാത്രമെ വന്നുകാണുന്നുള്ളു."

"ഗാഹന്താം മഹിഷാനിപാനസലിലം ശൃംഗൈർമ്മുഹുസ്താഡിതം" എന്നുതുടങ്ങുന്ന ശ്ലോകതർജ്ജിമയാണിനി ഒന്നു നോക്കേണ്ടതു്. "പൂകട്ടെ മഹിഷങ്ങൾ കൊക്കരണിയിൽ കൊമ്പിട്ടു മേരമേലടിച്ചു്;" "കൂട്ടക്കൊമ്പുമടിച്ചു പോത്തുകൾ കളിച്ചോട്ടെ നിപാനങ്ങളിൽ."

പൂകട്ടെ, പൂക എന്ന കൃതിയുടെ അനുജ്ഞായകരൂപമാണു്. പ്രാപിക്കു, ചെല്ലുക എന്നർത്ഥവുമാണു്. കൊക്കരണിയിൽ പോയിക്കൊള്ളട്ടെ എന്നു രാജാവു് അനുവദിക്കുന്നു. "അടിച്ചു" എന്ന മുൻവിനയെച്ചം കൊക്കരണിയിൽ പൂകീട്ടുള്ള ക്രിയയൊ അതിനു മുമ്പുതന്നെ നടക്കുന്നതോ? പൂകട്ടെ എന്ന ക്രിയ ഭാവികാലത്തെയാണു കുറിക്കുന്നതു്. അതുകൊണ്ടു കൊമ്പിട്ടടിച്ചുചെന്നു കൊക്കരണിയിലിറങ്ങട്ടെ എന്നു് അർത്ഥം തോന്നിപ്പോകുന്നു. നിപാനങ്ങളിൽ കൊമ്പുമടിച്ചു കളിച്ചോട്ടെ എന്നുള്ള തർജ്ജിമ ക്ലിഷ്ടതയ്ക്കവകാശമുള്ളതല്ല. ഇതിൽ നിപാനശബ്ദം അങ്ങനെതന്നെ പകർത്തിയിരിക്കുന്നു. ടിപ്പണകാരൻ അതു് എല്ലാവർക്കും മനസ്സിലാകുമെന്നുവച്ചോ അതോ പറഞ്ഞാൽ അബദ്ധമായേക്കുമെന്നു ശങ്കിച്ചോ ആ വാക്കുതന്നെ അർത്ഥം പറയാതെ ഉപേക്ഷിച്ചു. എങ്കിലും "കൂട്ടക്കൊ

മ്പു മടിച്ച്'' എന്നതിന്ന വിസ്തരിച്ചത്ഥം പറഞ്ഞിട്ടുണ്ട്. ''ശൃംഗൈമ്മുഹു സ്താഡിതം'' കൂട്ടക്കൊമ്പാണെന്നു തജ്ജിമക്കാരൻ കൂട്ടിയതുകൊണ്ടായിരിക്കാം ''മുഹുഃ'' വിട്ടുകളഞ്ഞതു്.

''ഛായാബദ്ധകദംബകം മൃഗകുലം രോമന്ഥമഭ്യസ്യതു''
''ഏണംചേന്ന തണൽപുറത്തയവിറക്കട്ടെ ചിരംമാനുകൾ''
''കൂട്ടംചേൎന്നുമൃഗങ്ങൾ വാണയവിറത്തോട്ടെ തണൽപ്പാടിലും.

'അയവിറക്കട്ടെ ചിരംമാനുകൾ' 'അഭ്യസ്യതു' എന്ന മൂലത്തിലെ ശബ്ദാത്ഥവ്യാപ്തി മുഴുവൻ കിട്ടാനായി ചേത്തതാണ് ചിരമെന്നു സമാധാനിക്കാം. 'ഏണം ചേന്ന തണൽ പുറത്തു്' ഇതു തീരെ പന്തിയായില്ലെന്നു തോന്നുന്നു. ഇതിൽ കാണുന്ന ഏണം സംസ്കൃതമൊ മലയാളമൊ? തണൽപുറത്തു എന്നു പറഞ്ഞാൽ തണലില്ലാത്ത ദിക്കിൽ എന്നല്ലെ അത്ഥം. മണൽപുറത്തു എന്നപോലെ തണൽപുറത്തു എന്നു സാധാരണ പറയാറുണ്ടോ? അകമെന്നൊ പുറമെന്നൊ പറയാൻ തണല് ഒരു വസ്തുവല്ല.. ഏണം ചേന്ന് എന്നതിന്ന സൗകൎയ്യമായി എന്നായിരിക്കാം സങ്കല്പിച്ചിരിക്കുന്നതു്. അങ്ങനെ മൂലത്തിലൊട്ടില്ലതാനും. അയവിറക്കുക, അയവിറുക്കുക, അയവെട്ടുക എന്നിങ്ങനെ ദേശഭേദമനുസരിച്ച് ആകൃതി പല വേഷവും ധരിക്കാറുണ്ട്.

''വിസ്രബ്ധം ക്രിയതാം വരാഹപതിഭിർമുസ്താക്ഷതിഃ പല്വലെ''
''സൈ്വരം ചേറുകുളത്തിൽ മുസ്തകൾ കിളയ്ക്കട്ടെ വരാഹവ്രജം''
''മുട്ടംപന്നികൾ പല്വലങ്ങളിൽ മുദാ മുത്തങ്ങ കുത്തിക്കുഴിച്ചോട്ടെ''

വരാഹപതിഭിഃ, വരാഹതതിഭിഃ എന്നു രണ്ടു വിധത്തിലും കാണുന്നുണ്ട്. വരാഹപതികൾ മാത്രമെ മുസ്താക്ഷതി ആചരിക്കുന്നുള്ളോ? അതിനാൽ വരാഹതതിഭിഃ എന്ന പാഠമാണ് അധികം യോജിച്ചതു്. മഹിഷമൃഗശബ്ദങ്ങളോട്ട് ഇങ്ങനെ ആയാലാണ് അധികയോജിപ്പും കാണുന്നതു്. മുട്ടംപന്നികൾ എന്നാക്കിയിരിക്കുന്നതു വരാഹപതിഭിഃ എന്നു കാണുന്നതിൻെറ തൎജ്ജിമയെന്നു തോന്നുന്നു. ''വിസ്രബ്ധം ക്രിയതാം'' ''മുദാകുത്തിക്കുഴിച്ചോട്ടെ'', 'വിസ്രബ്ധ'ശബ്ദത്തിന്നു ''മുദാ'' എന്നായാൽ മതിയോ. സൈ്വരമെന്നതല്ലെ അധികമുചിതം.

''വിശ്രാമം (വിശ്രാന്തിം) ലഭതാമിദം ചശിഥിലജ്യാബന്ധമസ്മദ്ധനുഃ''
''ഞാൻ കെട്ടല്പമഴിച്ചു വിശ്രമസുഖം നേടട്ടെ എൻവില്ലിതും''
''...ഞാണിതയഞ്ഞുവിശ്രമമിയന്നോട്ടെ ധനുസ്സും മമ.''

''ഞാൻകെട്ടല്പമഴിച്ച്'' അല്പമഴിച്ചു എന്നു പ്രയോഗിച്ചിരിക്കുന്നതു് എന്തിനാണ്. വില്ലിൻെറ വിശ്രമം ഞാണഴിക്കലാണെങ്കിൽ അല്പമഴിച്ചാൽ അല്പവിശ്രമമല്ലാതെ ലഭിക്കുമോ? ജ്യാബന്ധം ശിഥിലമാകണമെന്നാണല്ലോ മൂലത്തിലുള്ളതു്.

"ശമപ്രധാനേഷു തപോധനേഷു
ഗൂഢംഹിദാഹാത്മകമസ്തിതേജഃ"
"മറഞ്ഞിരിപ്പുണ്ടൊരു ചുട്ടെരിപ്പതാം
മഹസ്സശാന്താത്മകരാമൃഷീന്ദ്രരിൽ."
ദൃഢ ശമമൊട്ടു വാഴും താപസന്മാരിലേററം
കടുതയൊടൊരു തേജസ്സുണ്ടു ഗൂഢം കിടപ്പു.

"ഒരു ചുട്ടെരിപ്പതാം മഹസ്സ്"ഒരു എന്നതു മഹസ്സിനോടാണു ചേരേണ്ടതു്. അതു സ്ഥാനം മാററി പ്രായോഗിക്കുന്നതു ഭാഷയ്ക്കു ഭൂഷണമല്ല. ദൂഷണമാണു താനും. "ഏററം കടുതയാടൊരു തേജസ്സ്" "ദാഹാത്മകം തേജഃ" എന്നതിന്റെ തജ്ജിമയാണു്. തേജോവിശേഷണത്തിനുള്ള ജീവൻ ഇങ്ങനെ ആയാൽ സിദ്ധിക്കുമോ. "സ്വശാന്തകൂലാ ഇവ സൂര്യകാന്താസ്തദന്യ തേജോഭിഭവാൽ വമന്തി,"

"അതന്യതേജോഭിഭവാൽചൂരത്തുമേ
തൊടാവുമക്കോപലകങ്ങൾ പോലവർ"
തൊട്ടമളവുകുളക്കും സൂര്യകാന്തങ്ങൾപോലേ
ഝടുതിയതുവമിയ്ക്കും മററു തേജസ്സരഞ്ഞാൽ

'ചുരത്തുമെ'എന്ന കൃതിയുടെ കർത്താവ്യ് ഏതാണ്. 'അവർ; എന്നും'അതു' എന്നും രണ്ടു നിർദ്ദേശികാരൂപം കാണുന്നുണ്ടു്. "അവർ" എന്നതു നിർദ്ദേശിക തന്നെ. 'അതു'വേണമെങ്കിൽ പ്രതിഗ്രാഹികയുമാക്കാം. "അവർ അതിനെ ചുരത്തും" എന്നർത്ഥവും പറയാം. സൂര്യകാന്തങ്ങൾ അന്യതേജോഭിഭവാൽ തേജസ്സ് വമിക്കുന്നു എന്നല്ലെ മൂലത്തിന്റെ അർത്ഥം. പിന്നെ എന്തിനാണു്'അവർ'എന്ന സർവ്വനാമം വലിച്ചിഴച്ചുകൊണ്ടുവന്നിരിക്കുന്നതു്. ഉദ്ദേശവിധേയങ്ങളിൽ വിധേയത്തിനാണല്ലോ പ്രാമാണ്യം. അങ്ങനെയുള്ള പ്രാമാണ്യഭാഗംകൊണ്ടു വാക്യം തുടങ്ങുന്ന വള്ളത്തോളിന്റെ വാക്യരീതിയെ മാരാരു സ്തുതിക്കുന്നുണ്ടു്. സംശയഗ്രസ്തമായ കർമ്മം ആദ്യവും കർത്താവ് ഒടുക്കവും പ്രയോഗിച്ച് ആകെ വേണ്ടുംവണ്ണമല്ലാതാക്കിത്തീർത്ത വാക്യരീതിയായിരിക്കാം ശക്തിയുള്ളതു്.

"കൃതം ഭവതാ നിർമാക്ഷികം." "ഇവിടന്നു ഈച്ചകളെ എല്ലാം ആട്ടിക്കളഞ്ഞുകഴിഞ്ഞു" "ഈച്ചകളേപ്പോലെ ശല്യപ്പെടുത്തുന്നവർഗ്ഗത്തെയെല്ലാം അവിടുന്ന് ആട്ടിപ്പായിച്ചു." നിർമ്മാക്ഷികമെന്നതിന് ഈച്ചകളേപ്പോലെ ശല്യപ്പെട്ടുത്തുന്ന വർഗ്ഗത്തെ എല്ലാം ആട്ടിപ്പായിച്ചു എന്നർത്ഥമാണെങ്കിലും ഇങ്ങനെ തർജ്ജിമ ചെയ്യേണ്ടിയിരുന്നില്ല. അർത്ഥം പറയലല്ല തജ്ജിമക്കാരന്റെ ജോലി. ശക്തിക്കു കുറവും വരുന്നു എന്നുതന്നെയല്ല, വിദൂഷകനാണു പറയുന്നതു് എന്നുകൂടി ഓക്കേണ്ടതാണു്.

"സൎവ്വഃകാന്തമാത്മീയം പശ്യതി" "എല്ലാവരുടെ കണ്ണിനും അവനവന്റേതു് അഴകൊത്തതായിരിക്കും." "അവനവനു സൗന്ദൎയ്യമുണ്ടെന്നു എല്ലാവൎക്കും തോന്നും." സകലജനങ്ങൾക്കും സ്വകീയമായ ഒന്നു മനോഹരമായിരിക്കും. സ്വകീയമായ ആ ഒന്നു് അരമ്യമാണെങ്കിലും സ്നേഹവശാൽ രമ്യമെന്നു തോന്നിപ്പോകുമെന്നു ഭാവം. അവനവന്റേതു് എന്നും അവനവനു് എന്നും "ആത്മീയം" എന്നതിനു തൎജ്ജിമചെയ്തിരിക്കുന്നു. ദൎശനീയനായ അങ്ങു് എന്റെ മുമ്പിൽ ഇരിക്കുന്നുണ്ടല്ലോ. അതിനാൽ അവാപ്തചക്ഷുഃഫലം എനിക്കു സിദ്ധിക്കുന്നുണ്ടു് എന്നല്ലെ വിദൂഷകൻ പറഞ്ഞതു്. അതുകൊണ്ടു് അവനവനു സൗന്ദൎയ്യമുണ്ടെന്നു് എല്ലാവൎക്കും തോന്നുമെന്ന തൎജ്ജിമ ശരിയായില്ല. അവനവന്റേതു് എന്നതിനു സ്വന്തമെന്നഭിമാനിക്കുന്ന ഒന്നു് എന്നൎത്ഥംകിട്ടും. ആത്മീയമെന്നതിനു് ആത്മാനമെന്നു പാഠം സ്വീകരിച്ചാണു് അവനവനു തോന്നുമെന്നു തൎജ്ജിമ ചെയ്തതെങ്കിൽ അതു യുക്തിക്കു മതിയാകുന്നുമില്ല.

"സുരയുവതി സംഭവംകിലമുനേരപത്യം തദുത്ധിതാധിഗതം
അൎക്കസ്യോപരിപതിതംച്യുതമിവനവമാലികാകുസുമം."

കളഞ്ഞുകിട്ടീടിന കുട്ടിപോൽ മുനി
ക്കൊരുമ്പർമാതിന്റെതനൂജയാമവൾ
ഞെട്ടററെരുക്കിൻ മുകളിൽക്കൊഴിഞ്ഞതാം
പൈമ്പിച്ചകത്തുമലരെന്നപോലവെ.
സുരയുവതി പെററതാണവൾ
ജനനിവെടിഞ്ഞിട്ടെടുത്തതാണു മുനി.
നവമാലികപൂത്തൊരുപൂ
വവശം ഞെട്ടററെരുക്കിൽവീണവിധം.

നവമാലികയുടെ പൂവു് അവശം ഞെട്ടററു് എരുക്കിൽവീണു, മുനി എടുത്തതാണു്. ഇവിടെ ഉപമയ്ക്കുള്ള ഭംഗിക്കു ഭംഗംവന്നിട്ടുണ്ടു്. "മുനേരപത്യം ഉത്ധിതാധിഗതം" മാത്രമാണു്. അപ്പോൾ നവമാലികയുടെ പൂവു് എരുക്കിൽ അവശം ഞെട്ടററു വീണവിധമാകും.

മുനേരപത്യം—വിശ്വാമിത്രന്റേ മകൾ എന്നുകൂടി അൎത്ഥം പറയരുതെ. ചില വ്യാഖ്യാനങ്ങളിൽ അങ്ങനെ കാണുന്നുണ്ടല്ലോ. മേനകയാൽ പരിത്യക്തയായ കുട്ടി കണ്വമഹൎഷിയിൽ എത്തിച്ചേൎന്നു. സുരയുവതി സംഭവംകൊണ്ടു ലോകാതിശയ സൗന്ദൎയ്യമുണ്ടെന്നും വിശ്വാമിത്രപുത്രിയാകയാൽ ക്ഷത്രയോഗ്യയെന്നും ബലമായി കൊണ്ടുപോകുവാൻ കണ്വന്റേ വളൎത്തുപുത്രിയാകകൊണ്ടു സാദ്ധ്യമല്ലെന്നും സാധിക്കുന്ന ഈ ശ്ലോകത്തെ രണ്ടു തൎജ്ജിമക്കാരും സങ്കുചിതമാൎഗ്ഗത്തിൽക്കൂടി അടിച്ചുവിട്ടതു നന്നായില്ലെന്നു തോന്നുന്നു.

അാ പെൺകിടാവു കുശികാത്മജനസ്സരസ്സി
ലുല്പന്നയായ മകളാണവർ പക്കൽനിന്നും
പില്പാടെരുക്കിൻടെകമ്പതിൽ വീണമല്ലീ
പുഷ്പംകണക്കിവളണഞ്ഞിതു കണ്വഹസ്തം.

ഈ തർജ്ജിമയും അർത്ഥപൂർത്തി വന്നിട്ടുള്ളതല്ലെങ്കിലും വിശ്വാമിത്രപുത്രിയെന്നതു വിശദമാക്കുന്നുണ്ട്. അമ്മയുടെ വംശത്തേക്കാൾ അച്ഛൻെറ ഗോത്രമാണു കന്യകാസ്വീകരണത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതു്. വിശ്വാമിത്രപുത്രിയോളം ക്ഷത്രയോഗ്യത മേനകാപുത്രിക്കുണ്ടാകയില്ല.

# ഇററലിയും അബ്സീനിയയും

( എൻ. എൻ. )

(തുടർച്ച)

കിട്ടണമെന്നു് ഇച്ഛിച്ചിരുന്ന ഇററലിക്കു ഫ്രഞ്ചുകാരാകുന്ന ഏററുകച്ചവടക്കാർ മൂലം പ്രതിബന്ധം നേരിട്ടു. പൗരാണികമായിത്തന്നെ ക്രസ്ത്രീയസംഘങ്ങൾക്കു പ്രസിദ്ധിനേടിയ ഒരു സ്ഥാനമാണിതു്. ഇവിടെയാണു കാർത്തേജുനഗരം സ്ഥിതിചെയ്യുന്നതു്. പുരാതനറോമിൻെറ പല വിജയങ്ങൾക്കും ഈ നഗരം സങ്കേതമാണു്. ഫ്രാൻസിൻെറ ഈ നയത്തെക്കുറിച്ചു് ഇന്നും ഇററാലിയരുടെ മനസ്സിൽ കോപാഗ്നി എരിഞ്ഞുകൊണ്ടാണിരിക്കുന്നതു്. ശാന്തമായ ഒരു മനസ്ഥിതി അവരിൽ ഉളവാക്കുന്നതിനു ഫ്രഞ്ചുകാർ കുറഞ്ഞൊരുകാലത്തിനുമുമ്പു് ഉണ്ടായ ഒരു ഉടമ്പടിയിൽ ശ്രമിച്ചിട്ടുണ്ടു്.

ഈ രണ്ടു ജനതയുടേയും ഭൂതകാലവൃത്തങ്ങളെ പരിശോധിക്കുന്നതായാൽ ഇക്കാലത്തു സംഗതമായിരിക്കുന്ന അബ്സീനിയൻ വിഷമങ്ങളിൽ ഫ്റഞ്ചുകാരുടെ മനസ്ഥിതി ഇററലിയോടു് എങ്ങനെ ആയിരിക്കുമെന്നു് ഊഹഗോചരമായിരിക്കുന്നില്ല. ഫ്റാൻസും ഇററലിയും അത്യന്തമൈത്രിയോടെയാണിക്കാലത്തു കഴിയുന്നതു്. ഇററലി അബ്സീനിയയോടു എന്തു അഹിതം ചെയ്യുന്നതും ഫ്റാൻസിനു സന്തോഷമെന്നു് ഒരു വിശ്വാസം പരക്കെ ഉണ്ടായിട്ടുണ്ടു്. അബ്സീനിയൻ റെയിൽവേയുടെ ഇരുപത്തഞ്ചായി

രം ഓഹരി ഇററലിക്കു കൊടുത്തതിനപ്പുറമെ ഫ്റാൻസ് എറിട്രിയായോടു ഏതാനും സ്ഥലങ്ങളേക്കൂട്ടിച്ചേക്കുന്നതിനും പങ്കാളിയായിരുന്നു. ഇവയുടെ ഉദ്ദേശമെന്തെന്നു വിശദീകരിപ്പാൻ തന്നെ പ്രയാസം. യൂറോപ്പിൻെറ മദ്ധ്യപൂർവ്വപ്രദേശങ്ങളിൽ ഫ്റാൻസിനു ചില ഉദ്ദേശങ്ങളുണ്ട്. അതിൻെറ വിജയത്തിനു വിദേശങ്ങളിൽ ഇററലിയോടു സൗമനസ്യം കാണിക്കയാണെന്നു വരാം. ജർമ്മനിയോട് ഇക്കാലത്തിനല്പം മുമ്പ് ബ്രിട്ടൻ ഒരു നാവികസന്ധി ചെയ്തതുകൊണ്ടു ഫ്റാൻസിനു ബ്രിട്ടനോടു അല്പം അസുഖമുണ്ടായതും ഇതിനു കാരണമായേക്കാം.

കാരണമെന്തെങ്കിലുമാകട്ടെ. ഇററാലിയൻ വർത്തമാനപ്പത്രങ്ങൾ ഗ്രേററുബ്രിട്ടനെ സ്വരോഷലക്ഷ്യമായി ഗണിച്ചു ചില പ്രസ്താവനകൾ ചെയ്തു. ആഫ്റിക്കയിൽ തങ്ങൾക്കുണ്ടാകണമെന്ന് ഇററലി ആഗ്രഹിക്കുന്ന അഭിവൃദ്ധിക്കു പരമശത്രുത്വം ബ്രിട്ടനു മാത്രമെ ഉള്ളു എന്നവർ ഉറച്ചു. ഈ വിധ അഭിപ്രായങ്ങൾക്കു മറുപടിയായി തങ്ങൾക്കു അബ്സീനിയായോടു യാതൊരു താല്പൎയ്യവുമില്ലെന്നു ബ്രിട്ടനിലെ പ്രസ്സുകൾ വിശദീകരിച്ചിരുന്നു. ഇതു പരമാൎത്ഥത്തിൻെറ ഒരു തിരസ്കൃതരൂപം മാത്രമായിരുന്നു. ഉത്തരഅബ്സീനിയയിൽ സ്ഥിതിചെയ്യുന്ന സാന (Tsana) തടാകം ബ്ലൂനൈലിൻെറ ഉല്പത്തിസ്ഥാനമാണ്. ആ നദീപ്രവാഹമില്ലെങ്കിൽ ബ്രിട്ടീഷുസൂഡാൻ ഒരു മരുഭൂമിയാകുന്നതാണ്. വളരെ അകന്നുകിടക്കുന്ന ഈജിപ്ററുകൂടി ഈ നദിയിൽനിന്നു വെള്ളപ്പൊക്കക്കാലത്തു കിട്ടുന്ന വളംകൊണ്ടാണു ഫലഭൂയിഷ്ഠമായിരിക്കുന്നതു്. സൂഡാനിൽ ബ്രിട്ടീഷു താല്പൎയ്യങ്ങൾക്കു ഹാനികരമായ യാതൊരു വ്യവസ്ഥയും ആ തടാകത്തിലെ ജലത്തെ സംബന്ധിച്ചു ചെയ്യരുതെന്നു ബ്രിട്ടീഷുകാർ സ്വതസ്സിദ്ധമായ ദീൎഘാലോചനയുടെ ഫലമായി അബ്സീനിയക്കാരോടു ഒരു വ്യവസ്ഥയുണ്ടാക്കിയിരുന്നു.

സൂഡാനെ സംരക്ഷിക്കണമെന്ന ഉദ്ദേശം മാത്രമാണ് ബ്രിട്ടീഷുകാൎക്കുണ്ടായിരുന്നതു് എന്നു വിചാരിപ്പാൻ ന്യായം കാണുന്നില്ല. ഏകദേശം 2000 മൈൽ നീളത്തിൽ ഈ രണ്ടു രാജ്യങ്ങളുടേയും അതിൎത്തി തൊട്ടുകിടക്കുന്നുണ്ട്. സമാധാനപരമായി സ്നേഹപൂൎവ്വകമായി ഒരു അയൽവാഴി ഉണ്ടായിരിക്കണമെന്ന മോഹം ബ്രിട്ടീഷുകാൎക്കുണ്ടായി എങ്കിൽ അതു് അശേഷവും അപ്രകൃതമല്ല. ബ്രിട്ടീഷുകാൎക്കു അബ്സീനിയയെ ഒന്നോടെ കൈക്കലാക്കണമെന്നു മോഹമുണ്ടെന്നു ഇററലിക്കാർ പറയുന്നുണ്ട്. പക്ഷെ അതു് അടിസ്ഥാനരഹിതമാണ്. അങ്ങനെ ഒരു ഉദ്ദേശമുണ്ടായിരുന്നു എങ്കിൽ അതിനുള്ള അവസരം അസുലഭമല്ലായിരു

ന്നു. നിയമാനുസാരികളല്ലാത്ത ചില അബ്സീനിയർ ബ്രിട്ടീഷ്പ്രദേശങ്ങളിൽ കടന്നു കൊള്ളചെയ്തിരുന്നു. ഈ കാരണം പറഞ്ഞു വേണമെങ്കിൽ യുദ്ധത്തിനു പുറപ്പെടാമായിരുന്നു. ഈ കൃത്യത്തെ പ്രതിഷേധിച്ചുകൊണ്ടിരുന്നതല്ലാതെ ബ്രിട്ടൻ ഒന്നും ചെയ്തില്ല. ബ്രിട്ടൻ അബ്സീനിയയിലെ ഭരണതന്ത്രത്തിൽ സ്വാധികാരം വേണമെന്നു ഇച്ഛിച്ചിരുന്നില്ല.

അബ്സീനിയയിൽ ഇററലിക്കാക്കുള്ള ലക്ഷ്യത്തിൻെറ പിൻതലത്തിന് അല്പമായ ചില ചരിത്രമുണ്ട്. ലോകമഹായുദ്ധത്തിനു സംഗതിയാക്കിയ സിറാജിപൊ കൊലയോടു സാധർമ്മ്യമുള്ള വാൽവാൽസംഭവം അതിനിസ്സാരമായ ഒന്നത്രെ. ആട്ടിൻകുട്ടിയെ തിന്നുന്നതിനു ചെന്നായ് പറയുന്നു ന്യായംപോലെ കലഹശീലക്കാർ ഒരു കാരണമുണ്ടാക്കുന്ന പതിവ് എന്നുമാത്രമെ ഇതിനർത്ഥമുള്ളു. ഇററലിക്കാർ അബ്സീനിയയോടു ബന്ധം ആരംഭിച്ചതുതന്നെ 1885-ന് അല്പം മുമ്പാണ്. അന്നാണ് അവർ എറിട്രിയയിൽ സ്ഥാനിലയെ ഉറപ്പിച്ചതു്. അന്നു അവർ അബ്സീനിയയോടു സൗഹാർദ്ദനിലയെയാണു വരിച്ചതു്. അഞ്ചുകൊല്ലത്തിനിടയിൽ അബ്സീനിയയുടെ സംരക്ഷണാവകാശം ഇററലിക്കുണ്ടെന്നു ഒരു ഉടമ്പടിമൂലം വ്യവസ്ഥ ചെയ്തു. ഈ സംരക്ഷണാവകാശത്തിനു രാഷ്ട്രീയമായ അർത്ഥവ്യാപ്തി എത്രത്തോളമുണ്ടെന്ന് അന്ന് അബ്സീനിയ ചക്രവർത്തി ധരിച്ചിരുന്നില്ല. അനന്തരമായ ഏതാനും കാലത്തേക്ക് ആഭ്യന്തരകാര്യങ്ങളിൽ മാത്രം അദ്ദേഹം വ്യാപൃതനുമായിരുന്നു. 1895-ൽ പുതിയ ചക്രവർത്തിയായ ഷോവായിലെ മെനിലിക് ഇററലിയെ ഏതാണ്ടിങ്ങനെ അറിയിപ്പാൻ ഇടയായി. "ഉടമ്പടിയിൽ കാണുന്ന സംരക്ഷണാവകാശത്തെ ഇററാലിയരും അബ്സീനിയരും അത്യന്തം വ്യത്യാസമുള്ള രണ്ടു വീക്ഷണകോണത്തിൽ കൂടിയാണു നിരീക്ഷിക്കുന്നതു്. അതിനാൽ ഇററാലിയക്കുണ്ടെന്നു ഭാവിക്കുന്ന രക്ഷാകർത്തൃത്വത്തെ സമ്മതിക്കുന്ന ഉദ്ദേശം അന്ന് അബ്സീനിയക്കാക്കുണ്ടായിരുന്നില്ല." ഈ വിശദീകരണം യുദ്ധത്തിനു തന്നെ സംഗതിയാക്കി. വടക്കുകിഴക്കേഭാഗത്തുള്ള എറിട്രിയാ പ്രദേശത്തുനിന്നു ഇററലി അബ്സീനിയയെ ആക്രമിക്കാൻ തുടങ്ങി. പ്രാരംഭത്തിൽ ഇററലിക്ക് അല്പമായ വിജയം സിദ്ധിച്ചു എങ്കിലും 1896-ൽ ഇററാലിയൻ സൈന്യം അഡോവയുദ്ധത്തിൽ നാമാവശേഷമായി കലാശിച്ചു.

[തുടരും]

# ഒരു ദിവാസ്വപ്നം

(ഒരു മിസ്റ്റിക് കവി)

അനന്തസൌന്ദൎയ്യനിധാനമാകിയോ-രനശ്വരാത്മാവിൻ
നിഴലിൽ നില്ക്കുവേ,
ഇതെന്തൊരാശ്ചൎയ്യ മിതെന്തൊരത്ഭുത മിതെന്തുചിത്രമെ-
ന്നെനിക്കു തോന്നിപ്പോയ്.
കറുത്തതെല്ലാമെ വെളുത്തുകണ്ടു ഞാൻ, വെളുത്തതവ്വണ്ണം
കറുത്തുമപ്പൊഴെ,
ഋജുക്കളാം വക്രങ്ങൾ, ഋതുക്കൾ വൎഷങ്ങൾ, മൃഗക്കൾ ഘോഷ-
ങ്ങൾ; പിതൃക്കൾ ബാലന്മാർ,
കരങ്ങൾ കാലുകൾ; മരങ്ങൾ പാലങ്ങൾ, തുറന്നവയെല്ലാ-
മടച്ചുവച്ചവ.
നറുമലർ തൂകിച്ചിരിച്ചുനിന്നൊരാ ലതാനികുഞ്ജ-
ങ്ങളലച്ചുമാഴ്കുന്നു.
വിടൎന്ന തൂമലർ തനിയ്ക്കുയൎന്നുന്ന നിരന്നവമ്പട-
യൊളിച്ചു പായുന്നു.
ശിലാസമുച്ചയം വെറും മണൽപ്പുറം കരാളകാകോള-
മമൃതനിൎഝരം,
മുരാരിതൻ വപുസ്സദഭ്രശുഭ്രമപ്പുരാരിതൻ ഗാത്രം
ഘനീഘനീലവും,
സുരാരിതൻ കീൎത്തിമഷീമലീമസം തുഷാരശൈലവും
കറുത്തിരുണ്ടതു്.
ഒരു കുയിലപ്പോൾ തെളിഞ്ഞുപാടിയ മധുരഗാനമെൻ-
ചെവിതന്നിൽ വീണു
"രസാളപോതമേ വളരെക്കാലം ഞാൻ തവപ്രവാ-
ളങ്ങളശിച്ചു വാണല്ലോ;
വളരാത്തതെന്തേയിതോ തവൌന്നത്യമിതില-
ധികം മാമുയൎത്തുകില്ലേ നീ.
മധുമധുരം നിൻകിസലയചയമശിച്ചൊരെൻ
ഗാനം ശ്രവണപീയൂഷം,

രതാന്തതാന്തയാം രതി രമണിതൻ ഗളഗളൽ
സ്വനഗളഹസ്തക്ഷമം,

നിതാന്തസൌഭഗപ്രഭാപ്രദശോഭിതം കൃതാന്തമോ-
ഹനം ശരീരം മാമകം,

മദാന്ധമാതംഗകടസ്ഥലീദ്രവദ്ദ്‌റവാഭം ശില്പി-
ഭിരഭിഷ്ടുതംസദാ,

കലാപികൌമള്ള്യവിരാമദായകം വിലാപിസൌഖ്യദം
വിധുന്തുദകാമ്യം.

തഥാപിനാസ്തിമേ ഗതിയൊരേടത്തുമിവിടെത്തന്നെ
ഞാനിരിക്കേണ്ടോ വരൂ.

ഒരുത്തരുമില്ലെൻ സ്വരം ശ്രവിക്കുവാൻ ഒരുത്തരുമി-
ല്ലെൻ വപുസ്സു കാണുവാൻ.

പറന്നുപൊങ്ങുന്ന വിഹായസ്സിലൊരു പതംഗമൊന്നു
നീ മിഴിച്ചുനോക്കുക.

ഉയൎന്നുയൎന്നവനെവിടെപ്പോകുന്നു പതംഗനെപ്പോലും
സമീപിക്കുന്നല്ലോ.

ഒരുഗുണമില്ലാത്തിവനീയുൽകൎഷം കൊടുത്തതാരെന്ന
തറിയാമോ തവ

ശരീരമത്യന്തം മലിനം വൃത്തിയോ നിരന്തരമായ പ-
രഹിംസതന്നെ;

സ്വരമൊന്നോയുള്ളു അതും ശ്രവിക്കുവാൻ ഒരുവനു-
മൊരു രസമില്ലാത്തതു്."

രസാലമോതിനാൻ സഖേവനപ്രിയ! മതി മതി
തവ നിരർത്ഥകൂജിതം

അറിഞ്ഞതെന്തുനീ രഹസ്യം ലോകത്തിൽ അറിഞ്ഞ-
വനൊടെന്തസൂയതേടുന്നു

ഒരിക്കലും നേരെവഴിയ്ക്കു പോകൊലാ-ഒരിക്കലും
സത്യം പറഞ്ഞുപോകൊലാ

ഒരിക്കൽ ചൊല്ലിയതതേവിധത്തിൽ നീയൊരിയ്ക്കൽ
പിന്നെയും പറയരുതെടോ.

തരംനോക്കിക്കുറേ മുഖംനോക്കി കുറേ തരം മുഖമിവ-
നിരീക്ഷിച്ചുറെയും

അഭിപ്രായത്തിങ്കൽ വരുത്തുഭേദങ്ങൾ; മനസ്സാക്ഷി-
തന്നെ കുഴിച്ചു മൂടുക.

നടിക്കഭാവങ്ങൾ പലതരത്തിൽ നീ സിനിമാതാരമായ്-
വരുവാൻ നോക്കുക.

ഒരിക്കലും നിന്റെ മനസ്സു മറവുള്ളോരറിയുവാനിട-
കൊടുക്കരുതെടോ.

ജ്വലിക്കും സൂര്യനെയഭിവീക്ഷിച്ചൊരു കരുത്തൻ
ചന്ദ്രനാണതെന്നു ചൊല്ലുകിൽ

ഹസിച്ചിടാതെ നീ യുടനെയോതണം കളങ്കം കാണാമെ-
ന്നൊരു ന്യൂനവട്ടം.

സ്ഫുരിക്കും ചന്ദ്രനെ നിഭാലനം ചെയ്യും കരുത്തൻ
സൂര്യനാണതെന്നു ചൊല്ലിയാൽ;

"വരണ്ടു" എന്നോതു "ശരീരം ചൂടിനാൽ കുടയെടുക്കാ-
ഞ്ഞതബദ്ധ"മായെന്നും.